# ശുദ്ധീകരണം

## 1. ശുദ്ധി (الطَّهَارَة)

ഇസ്‌ലാം ശുദ്ധിക്ക് വലിയ പ്രാധാന്യം നൽകുന്നുണ്ട്. വിശ്വാസമില്ലെങ്കിൽ ഇസ്‌ലാമില്ല. വിശ്വാസത്തിന്റെ സുപ്രധാന ലക്ഷണമായാണ് ഇസ്‌ലാം ശുദ്ധിയെ കാണുന്നത്. ബാഹ്യശുദ്ധിയും ആന്തരശുദ്ധിയും പ്രധാനമാണ്. ഖുർആനും നബി (സ)യും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഖുർആൻ പറയുന്നു:

**إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ (البَقَرة ٢٢٢)**

(അല്ലാഹു ധാരാളമായി പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുദ്ധി കൈക്കൊള്ളുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.)

നബി (സ) പറഞ്ഞു.

**اَلطُّهُورُ شَطْرُ الايِمَان (مُسْلِم، الترمذي، النسائي)**

(ശുദ്ധി വിശ്വാസത്തിന്റെ പാതിയാകുന്നു.)

മാലിന്യ(نَجَسْ)ങ്ങളിൽ നിന്നും രണ്ടുതരം അശുദ്ധിയിൽ നിന്നും ശുദ്ധമാവണം. നമസ്കാരം സാധു (صَحِيح) ആകാൻ ശുദ്ധി ഒരു മുന്നു പാധി (شَرط)യാണ്. ശരീരം, വസ്ത്രം, നമസ്കാരസ്ഥലം എന്നിവ ശുദ്ധിയാക്കണം. നാം ഉപയോഗിക്കുന്ന വസ്തുക്കളും ശുദ്ധിയുള്ളതായിരി ക്കണം.

## 2. വെള്ളം (اَلْمَاءُ)

വെള്ളമുപയോഗിച്ചാണല്ലോ സാധാരണ ശുദ്ധീകരണം നടത്തുക. വെള്ളത്തെ മൂന്നായി തരംതിരിക്കാം.

1. ശുദ്ധീകരിക്കാൻ പറ്റുന്നത് (طهور)
2. സ്വയം ശുദ്ധമെങ്കിലും മറ്റൊന്നിനെ ശുദ്ധീകരിക്കാൻ പറ്റാത്തത് (طاهر)
3. ശുദ്ധിയില്ലാത്തത് (نجس)

കഞ്ഞിവെള്ളം, തേങ്ങവെള്ളം എന്നിങ്ങനെ യാതൊരു വിശേഷണവുമി ല്ലാത്തതും, വെള്ളം എന്ന് പറഞ്ഞാൽ മനസ്സിലുദിക്കുന്നതുമായ വെള്ളം ഏതോ അതാണ് ശുദ്ധീകരിക്കാൻ പറ്റുന്ന വെള്ളം. അത്തരം വെള്ളം തന്നെ വേണം ശുദ്ധീകരിക്കാൻ. കിണർ, കുളം, തോട്, പുഴ, കടൽ, എന്നി വയിലെ വെള്ളം ശുദ്ധീകരണത്തിന് പറ്റുന്നതാണ്. മഴവെള്ളവും മഞ്ഞു വെള്ളവും അപ്രകാരം തന്നെ. ഖുർആൻ പറയുന്നു:

**وَيُنَزِّلُ عَلَيْكُمْ مِّنَ السَّمَاءِ مَاءً لِيُطَهِّرَكُمْ بِه (الأنفال : ١١)**

(അവൻ (അല്ലാഹു) ഉപരിലോകത്ത് നിന്ന് നിങ്ങൾക്ക് വെള്ളം വർഷി പ്പിച്ചുതരുന്നു, അതുവഴി നിങ്ങളെ ശുദ്ധീകരിക്കാൻ.)

ഒരിടത്ത് കെട്ടിനിൽക്കയാലോ, ഭൂമിയുടെ പ്രത്യേകതയാലോ, കുളച്ചണ്ടി, വീണടിഞ്ഞ ഇലകൾ എന്നിവ കാരണമായോ നിറത്തിനോ, രുചിക്കോ, മണത്തിനോ വ്യത്യാസം സംഭവിച്ചാൽ അതുകൊണ്ട് മാത്രം വെള്ളം അശുദ്ധമാവുകയില്ല.

### ഉപയോഗിച്ച വെള്ളം (مَاءٌ مُسْتَعْمَل)

വുദു (وضوء) ഉണ്ടാക്കുമ്പോഴോ കുളിക്കുമ്പോഴോ ഏതെങ്കിലും അവയ വമോ ശരീരഭാഗമോ കഴുകാൻ ഉപയോഗിച്ച വെള്ളം (ماء مستعمل) മറ്റു ഭാഗങ്ങൾ ശുദ്ധീകരിക്കാൻ പറ്റുകയില്ല. എന്നാൽ കുറഞ്ഞ വെള്ളമുള്ള പാത്രത്തിൽനിന്ന് കൈകൊണ്ട് വെള്ളം കോരിയെടുത്ത് പുറത്ത് കാട്ടി കഴുകുമ്പോൾ പാത്രത്തിൽ ശേഷിച്ച വെള്ളം ‘ഉപയോഗിച്ച വെള്ളം’ (ماء مستعمل) ആകുന്നില്ല. അത് ശുദ്ധീകരിക്കാൻ ഉപയോഗിക്കാവുന്നതാണ്.

### ശുദ്ധവസ്തു ചേർന്ന് ഗുണമാറ്റം വന്ന വെള്ളം

സോപ്പ്, കുങ്കുമം ആദിയായി സാധാരണഗതിയിൽ വെള്ളവുമായി ബന്ധമില്ലാത്ത ശുദ്ധവസ്തുക്കൾ വെള്ളത്തിൽ അലിഞ്ഞുചേർന്നാൽ മറ്റു വിശേഷണങ്ങൾ ചേർക്കാതെ വെള്ളം എന്ന് പറയാൻ പറ്റുന്ന വിധത്തി ലാണ് അതുള്ളതെങ്കിൽ അത് طهور തന്നെയാണ്. നബി (സ)യുടെ മകൾ സൈനബ് (റ) മരിച്ചപ്പോൾ അവരുടെ ജനാസ കുളിപ്പിച്ചതു സംബന്ധിച്ച് ഉമ്മുഅതിയ്യ: (റ) പറയുന്നു.

دَخَلَ عَلَيْنَا رَسُولُ اللَّهِ ﷺ حِينَ تُوُفِّيَتْ ابْنَتُهُ زَيْنَبُ فَقَالَ: اِغْسِلْنَهَا ثَلَاثًا أَوْ خَمْسًا أَوْ أَكْثَرَ مِنْ ذَلِكَ إِنْ رَأَيْتُنَّ بِمَاءٍ وَسِدْرٍ وَاجْعَلْنَ فِي الْأَخِيرَةِ كَافُورًا أَوْ شَيْئًا مِنْ كَافُورٍ فَإِذَا فَرَغْتُنَّ فَآذِنَّنِي' فَلَمَّا فَرَغْنَا آذَنَّاهُ فَأَعْطَانَا حِقْوَهُ فَقَالَ: أَشْعِرْنَهَا إِيَّاهُ (متفق عليه)

(റസൂലി(സ)ന്റെ മകൾ സൈനബ് മരിച്ചപ്പോൾ അദ്ദേഹം ഞങ്ങളുടെ അടുത്തേക്കു കടന്നുവന്നു. എന്നിട്ട് പറഞ്ഞു. അവളെ മൂന്നോ, ആവശ്യ മെന്നു തോന്നുന്നുവെങ്കിൽ അഞ്ചോ അതിലധികമോ പ്രാവശ്യം കുളിപ്പി ക്കുക. വെള്ളവും താളിയും ഉപയോഗിക്കുക. അവസാനതവണ വെള്ള ത്തിൽ അല്പം കർപ്പൂരം കലർത്തുക. കുളിപ്പിച്ചു കഴിഞ്ഞാൽ എന്നെ അറിയിക്കുക. അങ്ങനെ കുളിപ്പിച്ച് കഴിഞ്ഞപ്പോൾ ഞങ്ങൾ നബി (സ)യെ അറിയിച്ചു. നബി (സ) അദ്ദേഹത്തിന്റെ അരയുടുപ്പ് ഞങ്ങൾക്ക് നൽകിയിട്ട് അത് അവരുടെ അടിയുടുപ്പായി ഉപയോഗിക്കാൻ പറഞ്ഞു.)

ഉമ്മുഹാനിഅ് (റ) പറയുന്നു.

إِنَّ رَسُولَ اللّٰهِ اِغْتَسَلَ هُوَ وَمَيْمُونَةُ مِنْ إِنَاءٍ وَاحِدٍ قُصْعَةٍ فِيهَا أَثَرُ الْعَجِينِ (أحمد، النسائي، ابن ماجه)

(നബി(സ)യും മൈമൂന(റ)യും ഒരേ പാത്രത്തിൽ നിന്ന് വെള്ളമെടു ത്ത് കുളിച്ചു, ഒരു താലത്തിൽ നിന്ന്. ഗോതമ്പ് മാവിന്റെ അവശിഷ്ടം അതിൽ പറ്റിപ്പിടിച്ചു കിടപ്പുണ്ടായിരുന്നു.)

ഈ രണ്ടു സംഭവങ്ങളിലായി കർപ്പൂരവും ഗോതമ്പ്മാവും ചേർന്ന വെള്ളം കുളിപ്പിക്കാനും കുളിക്കാനും ഉപയോഗിച്ചതിൽനിന്ന് അത്തരം വെള്ളം ശുദ്ധീകരിക്കാൻ പറ്റുന്നതാണെന്ന് വരുന്നു.

എന്നാൽ ഇത്തരം വസ്തുക്കൾ ചേർന്ന് പൊതുവിൽ വെള്ളം എന്ന് പറയാൻ പറ്റാത്തവിധം വ്യത്യാസം വന്നുപോയാൽ അത് സ്വയം ശുദ്ധി യുള്ളതാണെങ്കിലും വുദു ചെയ്യാനോ കുളിക്കാനോ ഉപയോഗിക്കാവതല്ല.

## മാലിന്യം (نَجَسْ) കലർന്ന വെള്ളം

മാലിന്യം കലർന്ന വെള്ളം രണ്ട് തരമുണ്ട്.

1. മാലിന്യം കലരുകയാൽ നിറം, മണം, രുചി എന്നിവ ഭേദം വന്നത്. അത് എത്ര കൂടുതലുണ്ടെങ്കിലും അശുദ്ധമാണ്.

2. മാലിന്യം ചേർന്നിട്ടും നിറം, മണം, രുചി എന്നിവയ്ക്ക് ഒന്നിനും ഒരു മാറ്റവും വന്നിട്ടില്ലാത്തത്. ഇത്തരം വെള്ളം രണ്ട് ഖുല്ലത്ത് (قلة) ഒന്നേകാൽ മുഴം നീളവും വീതിയും ആഴവുമുള്ള ഒരു പാത്രത്തിൽ കൊള്ളുന്നത് അഥവാ ഏകദേശം 200 ലിറ്റർ ഉണ്ടെങ്കിൽ മലിനമാവുകയില്ല. അതിൽ കുറവാണെങ്കിൽ മലിനമാവും.

(رواه الخمسة) إِذَا كَانَ الْمَاءُ قُلَّتَيْنِ لَمْ يَحْمِلْ الْخَبَثَ (വെള്ളം രണ്ടു ഖുല്ല ത്തുണ്ടെങ്കിൽ അത് മാലിന്യത്തെ വഹിക്കുകയില്ല.) എന്ന ഹദീസാണ് തെളിവ്.

## ഉഛിഷ്ട ജലം

മനുഷ്യനോ പക്ഷിമൃഗാദികളോ കുടിച്ച് പാത്രത്തിൽ ശേഷിക്കുന്ന വെള്ളം. ഇതും മലിനമല്ല. ആയിശ(റ) പറയുന്നു.

كُنْتُ أَشْرَبُ وَأَنَا حَائِضٌ فَأُنَاوِلُهُ النَّبِيَ ﷺ فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ (مسلم)

(ഋതുമതിയായിരിക്കേ ഞാൻ വെള്ളം കുടിക്കുമായിരുന്നു. പിന്നെ ഞാനത് നബി (സ)ക്ക് കൊടുക്കും. ഞാൻ വായവെച്ച സ്ഥലത്ത് തന്നെ നബി(സ) വായ വെക്കും.)

ജാബിർ (റ) പറയുന്നു:

سُئِلَ النَّبِي ﷺ أَنَتَوَضَّأُ بِمَا أَفْضَلَتِ الْحُمُرُ ؟ قَالَ : نَعَمْ, وَبِمَا أَفْضَلَتِ السِّبَاعُ كُلُّهَا (الشافعي، الدارقطني، البيهقي)

(കഴുത കുടിച്ച് ശേഷിപ്പിച്ച വെള്ളംകൊണ്ട് ഞങ്ങൾക്കു വുദു ഉണ്ടാ ക്കാമോ എന്ന് നബി(സ)യോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതെ, ഏതൊരു വന്യമൃഗത്തിന്റെയും ഉഛിഷ്ടജലം കൊണ്ടും അതാകാം.)

എന്നാൽ നായ, പന്നി എന്നിവയുടെ ഉഛിഷ്ടജലം ശുദ്ധമല്ല. നബി (സ) പറഞ്ഞു:

إِذَا شَرِبَ الْكَلْبُ فِي إِنَاءِ أَحَدِكُمْ فَلْيَغْسِلْهُ سَبْعًا (متفق عليه)

(നിങ്ങളിൽ ഒരാളുടെ പാത്രത്തിൽ നായ കുടിച്ചാൽ അയാൾ അതു ഏഴു തവണ കഴുകണം.)

ഈ ഹദീസിന്റെ മറ്റൊരു പാഠം ഇപ്രകാരമാണ്.

طَهُورُ إِنَاءِ أَحَدِكُمْ إِذَا وَلَغَ فِيهِ الْكَلْبُ أَنْ يَغْسِلَهُ سَبْعَ مَرَّاتٍ أُولاهُنَّ بِالتُّرَابِ (أحمد، مسلم)

(നിങ്ങളിൽ ഒരാളുടെ പാത്രത്തിൽ നായ മുഖമിട്ടാൽ അയാൾ അത് ഏഴുതവണ കഴുകണം. അതിൽ ആദ്യത്തേതു മണ്ണുകൊണ്ടായിരിക്കണം.)

പന്നി ഒരു മ്ലേഛജീവിയാണ് എന്നതാണ് അതിന്റെ ഉഛിഷ്ടം മലിന മാവാൻ കാരണം.

# 3. മാലിന്യങ്ങൾ (نَجَاسَات)

മാലിന്യം അടിസ്ഥാനപരമായി രണ്ടുവിധമാണ്. ഒന്ന്, പ്രകൃത്യാ മലിന മായത്. ഉദാ: മലം, മൂത്രം, രക്തം. ഇതിന് عَيْنُ النَّجَس എന്നു പറയുന്നു. രണ്ട്, മറ്റൊരു മലിനവസ്തുവിനാൽ മലിനമായത്. ഉദാ: രക്തം പുരണ്ട വസ്ത്രം, മൂത്രം കലർന്ന ജലം. ഇതിന് مُتَنَجِّس എന്നും പറയുന്നു.

مُتَنَجِّس ദ്രവരൂപത്തിലാണെങ്കിൽ ശുദ്ധിയാവുകയില്ല. ഖരവസ്തുവാ ണെങ്കിൽ കഴുകി ശുദ്ധിയാക്കാം. നജസ് തട്ടിയ ഭാഗം മുറിച്ചുനീക്കിയാലും ശുദ്ധിയായി.

പ്രകൃത്യാ മലിനമായ വസ്തുക്കളിൽ രണ്ടെണ്ണം മാത്രമേ ശുദ്ധിയാവു കയുള്ളൂ. നായ, പന്നി എന്നിവ ഒഴിച്ചുള്ള മൃഗങ്ങളുടെ തോലും കള്ളും. കള്ള് സുർക്കയാവുന്നതിലൂടെയും, തോൽ ഊറക്കിടുന്നതിലൂടെയുമാണ് ശുദ്ധിയാവുക. പ്രകൃത്യാ മലിനമായവ ഈ പറയുന്നവയാണ്:

حُـرِّمَـتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنزِيرِ وَمَا أُهِلَّ لِغَيْرِ اللّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلاَّ مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ (المائدة ٣)

(ശവവും രക്തവും പന്നിമാംസവും, അല്ലാഹുവിന്റെ പേരിലല്ലാതെ നേർച്ചയാക്കിയതും കുരുങ്ങിചത്തതും അടിച്ചുകൊന്നതും വീണുചത്തതും കുത്തിച്ചത്തതും ക്രൂരജന്തുക്കൾ കൊന്നുതിന്നതും – നിങ്ങൾ അറുത്ത തൊഴികെ – പ്രതിഷ്ഠകൾക്കുവേണ്ടി അറുത്തതും നിങ്ങൾക്കു നിഷിദ്ധമാ യിരിക്കുന്നു.)

ജീവനുള്ള മൃഗങ്ങളിൽനിന്ന് മുറിച്ചെടുത്ത ഭാഗവും അപ്രകാരം തന്നെ. നബി (സ) പറഞ്ഞു:

مَاقُطِعَ مِنَ الْبَهِيمَةِ وَهِيَ حَيَّةٌ فَهُوَ مَيْتَةٌ (أبوداود، الترمذي)

(മൃഗത്തിൽനിന്ന് അതിന് ജീവനുണ്ടായിരിക്കേ മുറിച്ചെടുത്തത് ശവമാ കുന്നു)

മത്സ്യവും വെട്ടുകിളിയും ഈ പൊതുനിയമത്തിന് അപവാദമാണ്. അവ ജീവൻ പോയാൽ നജസാവുകയില്ല. നബി (സ) പറഞ്ഞു:

أُحِلَّ لَنا مَيْتَتَانِ وَدَمَانِ أَمَّا الْمَيْتَتَانِ فَالْحُوتُ وَالْجَرَادُ، وَأَمَّا الدَّمَانِ فَالْكَبْدُ وَالطِّحَالُ (أحمد،الشافعي، ابن ماجه، البيهقي)

(രണ്ടുതരം ശവവും രണ്ടുതരം രക്തവും നമുക്ക് അനുവദിച്ചുതന്നിട്ടുണ്ട്. രണ്ടുതരം ശവം മത്സ്യവും വെട്ടുകിളിയുമാണ്. രണ്ടുതരം രക്തം കരളും പതിരുമാണ്.)

ശവം മലിനമാണ്. അത് ശുദ്ധവസ്തുവിനെ മലിനപ്പെടുത്തുകയും ചെയ്യും. എന്നാൽ ഉറുമ്പുപോലെ ഒഴുകുന്ന രക്തമില്ലാത്ത ജീവികളുടെ ശവം മലിനമല്ല. അത്തരം ശവങ്ങൾ ശുദ്ധവസ്തുക്കളിൽ വീണാൽ അതു മലിനമാവുകയില്ല.

2. **രക്തം**: മനുഷ്യരുടെയോ, അറുത്തതോ ജീവനുള്ളതോ ആയ മൃഗ ങ്ങളുടെയോ ശരീരത്തിൽനിന്ന് ഒഴുകുന്ന രക്തം നജസാണ്. ആർത്തവം, പ്രസവം എന്നീ കാരണങ്ങളാൽ പുറത്തുവരുന്ന രക്തവും മലിനം തന്നെ. ഖുർആൻ പറയുന്നു. أَوْ دَمًـا مَسْـفُـوحًـا (الأنعام : ١٤٥) (അഥവാ ഒഴുകുന്ന രക്തം). എന്നാൽ അറുത്ത ജീവികളുടെ മാംസത്തിലും മത്സ്യത്തിലു മൊക്കെ ശേഷിക്കുന്ന രക്തം മലിനമല്ല. ആയിശ (റ) പറയുന്നു.

كُنَّا نَأْكُلُ اللَّحْمَ وَالدَّمُ خُطُوطٌ عَلَى الْقِدَرِ

(ചട്ടിയിൽ രക്തം വടുകെട്ടി നിൽക്കേ ഞങ്ങൾ മാംസം തിന്നുമായി രുന്നു.)

ശരീരത്തിലെ മുറിപ്പാടുകളിൽ പൊടിഞ്ഞുനിൽക്കുന്ന രക്തവും മലിനമോ നമസ്കാരത്തെ അസാധുവാക്കാൻ പോന്നതോ അല്ല. ഹസൻ ബസ്വരി (റ) പറയുന്നു:

مَا زَالَ الْمُسْلِمُونَ يُصَلُّونَ فِي جِرَاحَاتِهِمْ (البخاري)

(മുസ്‌ലിംകൾ അവരുടെ മുറിവുകളോടെ തന്നെ നമസ്കരിക്കാ റുണ്ടായിരുന്നു.)

കൊതുക്, ശരീരത്തിലുണ്ടാവുന്ന ചെറിയ കുരുക്കൾ എന്നിവയിൽ നിന്ന് വസ്ത്രത്തിൽ കലർന്ന രക്തവും സാരമാക്കേണ്ടതില്ല.

3. **പന്നിയുടെയും തിന്നാൻ അനുവാദമില്ലാത്ത ജീവികളുടെയും മാംസം**. അവയെ അറുത്താലും മലിനം തന്നെ.

4. **മലം, മൂത്രം, ഛർദ്ദിച്ചത് ആദിയായവ**. ഇവ മലിന വസ്തുക്കളാണ്. എന്നാൽ ഭക്ഷണം കഴിച്ചുതുടങ്ങിയിട്ടില്ലാത്ത രണ്ട് വയസ്സിൽ താഴെ പ്രായ മുള്ള ആൺകുട്ടിയുടെ മൂത്രം വസ്ത്രത്തിലോ മറ്റോ തട്ടിയാൽ ആ മൂത്രമായ ഭാഗത്ത് അല്പം വെള്ളം കുടഞ്ഞാൽ അവിടം ശുദ്ധിയാവും. കഴുകണമെന്ന് നിർബന്ധമില്ല. ഉമ്മുഖൈസിൽനിന്ന് ഉദ്ധരിച്ചുവന്ന ഹദീ ഥിൽ പറയുന്നു.

إِنَّهَـا أَتَـتْ رَسُـولَ اللّهِ ﷺ بِابْنٍ لَهَا لَمْ يَبْلُغْ أَنْ يَأْكُلَ الطَّعَامَ وَأَنَّ ابْنَهَا بَالَ فِي حِجْرِ رَسُولِ اللّهِ ﷺ فَدَعَا رَسُولُ اللّهِ ﷺ بِمَاءٍ فَنَضَحَهُ عَلَى ثَوْبِهِ وَلَمْ يَغْسِلْهُ غَسْلاً (متفق عليه )

(ഉമ്മുഖൈസ് ഭക്ഷണപ്രായമെത്തിയിട്ടില്ലാത്ത അവരുടെ കുഞ്ഞിനെ യും കൊണ്ട് നബി(സ)യുടെ അടുത്ത് ചെന്നു. അവരുടെ മകൻ നബി(സ) യുടെ മടിയിൽ മൂത്രമൊഴിച്ചു. നബി (സ) അല്പം വെള്ളം കൊണ്ടുവരാ നാവശ്യപ്പെട്ടു. അദ്ദേഹം അത് വസ്ത്രത്തിൽ തളിച്ചു. വസ്ത്രം കഴുകി യില്ല.)

എല്ലാ പക്ഷിമൃഗാദികളുടെയും കാഷ്ഠവും മൂത്രവും മലിനം തന്നെ. മലം തിന്നുന്ന കോഴിപോലുള്ള ജീവികളുടെ മാംസം തിന്നുന്നത് നിരോധിച്ചിട്ടുണ്ട്. അത്തരം ജീവികൾ മലിനമായതുകൊണ്ടല്ല, മാലിന്യം തിന്നുകയാൽ അവയുടെ മാംസം ഉത്തമമല്ലാതായിത്തീരുന്നുവെന്ന കാരണത്താലാണതു നിരോധിച്ചിരിക്കുന്നത്. മലം തിന്നാത്ത വിധം അവയെ കെട്ടിയിട്ട് തീറ്റകൊടുത്താൽ ഈ നിരോധം നീങ്ങിപ്പോകും.

5. **വദ്‌യ്**: മൂത്രമൊഴിച്ചശേഷം ക്ഷീണം തുടങ്ങിയ കാരണങ്ങളാൽ പുറത്തുവരുന്ന കട്ടിയുള്ള വെളുത്ത ഒരു ദ്രാവകമാണ് വദ്‌യ്. ആയിശ (റ) പറയുന്നു:

وَأَمَّا الْوَدْيُ فَإِنَّهُ يَكُونُ بَعْدَ الْبَوْلِ فَيَغْسِلُ ذَكَرَهُ وَأُنْثَيَيْهِ وَيَتَوَضَّأُ وَلاَ يَغْتَسِلُ (ابن منذر)

(വദ്‌യ്, അതു മൂത്രമൊഴിച്ച ശേഷമാണുണ്ടാവുക. അപ്പോൾ ലിംഗവും വൃഷണവും കഴുകി വുദു ഉണ്ടാക്കണം. കുളിക്കണമെന്നില്ല.)

6. **മദ്‌യ്** :(**مذى**)ലൈംഗികാസക്തിയുള്ളപ്പോൾ ഇന്ദ്രിയസ്ഖലനത്തിന് മുമ്പ് പുറത്തുവരുന്ന വെളുത്തതും ഒട്ടുന്നതുമായ ഒരു ദ്രാവകം. അതു വസ്ത്രത്തിൽ ആയിട്ടുണ്ടെങ്കിൽ അവിടവും ലിംഗവും കഴുകി വുദു ഉണ്ടാ ക്കിയാൽ മതി.

അലി (റ) പറയുന്നു:

كُنْتُ رَجُلاً مَذَّاءً فَأَمَرْتُ رَجُلاً أَنْ يَسْأَلَ النَّبِيَّ ﷺ لِمَكَانِ ابْنَتِهِ فَسَأَلَ فَقَالَ : تَوَضَّأْ وَاغْسِلْ ذَكَرَكَ (البخاري)

(ഞാൻകൂടുതൽമദ്‌യ്ഉള്ളആളായിരുന്നു. നബി(സ)യോട് അത് സംബ ന്ധിച്ച് ചോദിക്കാൻ ഞാൻ ഒരാളോട് ആവശ്യപ്പെട്ടു. നബി(സ)യുടെ മക ളുടെ സ്ഥാനം കണക്കിലെടുത്താണ് അങ്ങനെ ചെയ്തത്. അപ്പോൾ നബി (സ) പറഞ്ഞു. വുദു

ഇന്ദ്രിയം നജസാണോ എന്നതു സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. അതു നജസല്ല എന്നാണ് ശാഫിഈ പക്ഷം പറയു ന്നത്. എന്നാൽ അത് വസ്ത്രത്തിൽ എവിടെയെങ്കിലുമായാൽ ഉണങ്ങിപ്പിടി ക്കും മുമ്പാണെങ്കിൽ കഴുകണം. ഉണങ്ങിപ്പിടിച്ചാൽ ഉരസിക്കളയുകയും വേണം. ആയിശ (റ) പറയുന്നു.

كُنْتُ أَفْرُكُ الْمَنِيَّ مِنْ ثَوْبِ رَسُولِ اللهِ ﷺ إِذَا كَانَ يَابِسًا وَأَغْسِلُهُ إِذَا كَانَ رَطْبًا (الدارقطني)

(ഞാൻ റസൂലി(സ)ന്റെ വസ്ത്രത്തിൽനിന്ന് ഇന്ദ്രിയം – അത് ഉണങ്ങി പ്പിടിച്ചതാണെങ്കിൽ – ഉരസിക്കളഞ്ഞിരുന്നു. പച്ചയായി നിൽക്കുമ്പോൾ ഞാനതു കഴുകുകയും ചെയ്തിരുന്നു.)

### 7. മദ്യം

മദ്യം നജസാണ് എന്നത്രെ ഭൂരിപക്ഷം പണ്ഡിതന്മാർ പറയുന്നത്. മദ്യം തനിയെ സുർക്കയാവുന്നതിലൂടെ ശുദ്ധിയാവും. മറ്റു വല്ലതും ഇട്ട് സുർക്കയാക്കിയാൽ ശുദ്ധിയാവുകയില്ല. അപ്പോൾ അതു നജസ് തന്നെയാ യിരിക്കും.

### 8. നായ

നായയും നജസാണ്. അതു പാത്രത്തിൽ തലയിട്ടാൽ കഴുകേണ്ടതെങ്ങ നെയെന്ന് മുമ്പ് പറഞ്ഞുവല്ലോ.

## മാലിന്യം ശുദ്ധിയാക്കേണ്ട വിധം

ശരീരത്തിലോ വസ്ത്രത്തിലോ മാലിന്യം വല്ലതും പുരണ്ടാൽ അതു ശുദ്ധിയാക്കൽ നമസ്കാരം സാധുവാകാനുള്ള ഉപാധിയാണ്.

وَثِيَابَكَ فَطَهِّرْ (المدثر:٣)

(നിന്റെ വസ്ത്രം ശുദ്ധിയാക്കുക) എന്ന് ഖുർആൻ പറയുന്നു.

രക്തംപോലെ കാണാൻ കഴിയുന്നതാണ് നജസെങ്കിൽ അത് മുഴുവൻ നീങ്ങിപ്പോകും വരെ കഴുകണം. കഴുകിയശേഷം നീങ്ങിപ്പോകാത്ത കറ മാത്രം ശേഷിക്കുന്നതുകൊണ്ട് കുഴപ്പമില്ല. മൂത്രംപോലെ വേറിട്ട് കാണാൻ സാധിക്കാത്ത വല്ലതുമാണെങ്കിൽ ഒരു തവണയെങ്കിലും കഴുകണം. അസ്മാഅ്ബിൻത് അബീബക്ർ (റ) പറയുന്നു.

جَائَتْ اِمْرَأَةٌ إِلَى النَّبِيِّ ﷺ فَقَالَتْ : إِحْدَانَا يُصِيبُ ثَوْبُهَا مِنْ دَمِ الْحَيْضِ كَيْفَ تَصْنَعُ بِهِ ؟ فَقَالَ:تَحُتُّهُ ثُمَّ تَقْرُصُهُ بِالْمَاءِ ثُمَّ تَنْضَحُهُ ثُمَّ تُصَلِّي فِيهِ (متفق عليه)

(ഒരു സ്ത്രീ നബി(സ)യെ സമീപിച്ച് ചോദിച്ചു: ഞങ്ങളിൽ ആരുടെയെ ങ്കിലും വസ്ത്രത്തിൽ ഋതുരക്തം പുരണ്ടാൽ അവൾ എന്തു ചെയ്യണം? നബി (സ) പറഞ്ഞു: അവൾ അതു ചുരണ്ടിക്കളയണം. എന്നിട്ട് വെള്ളം കൂട്ടി ഉരസണം. പിന്നെ അതിൽ വെള്ളം തളിക്കണം. പിന്നെ അവൾക്ക് അത ണിഞ്ഞ് നമസ്കരിക്കാം)

സ്ത്രീകളുടെ വസ്ത്രത്തിന്റെ നിലത്തിഴയുന്ന ഭാഗത്ത് മാലിന്യ പുര ണ്ടിട്ടുണ്ടെങ്കിൽ ആ ഭാഗം തുടർന്നും മണ്ണിൽ ഇഴഞ്ഞാൽ തനിയെ ശുദ്ധി യായിക്കൊള്ളും. പിന്നെ അതണിഞ്ഞു നമസ്കരിക്കുന്നതിന് വിരോധമില്ല.

ഒരു സ്ത്രീ ഉമ്മുസലമ (റ) യോട് ചോദിച്ചു:

إِنِّي أُطِيلُ ذَيْلِي وَأَمْشِي فِي الْمَكَانِ الْقَذِرِ

(ഞാൻ എന്റെ വസ്ത്രാഞ്ചലം നീട്ടിയിടാറാണ് പതിവ്. വൃത്തിയില്ലാത്ത സ്ഥലങ്ങളിൽ നടക്കുകയും ചെയ്യും?)

അപ്പോൾ അവർ പറഞ്ഞു: നബി (സ) പറഞ്ഞിട്ടുണ്ട്.

يُطَهِّرُهُ مَا بَعْدَهُ (أحمد، أبو داود)

(ശേഷമുള്ളത് അതിനെ ശുദ്ധീകരിച്ചുകൊള്ളും.)

എന്നാൽ വസ്ത്രത്തിൽ മാലിന്യം ശേഷിച്ചതായി കാണുന്നപക്ഷം അത് കഴുകി ശുദ്ധീകരിക്കണം.

## നിലം ശുദ്ധമാക്കൽ

നിലത്ത് മണ്ണിൽ മൂത്രമായാൽ അവിടം ഉണങ്ങുന്നതിനു മുമ്പാണെ ങ്കിൽ വെള്ളം ഒഴിക്കുകയാണ് വേണ്ടത്. ഉണങ്ങിയാൽ പിന്നെ ഒന്നും ചെയ്യേണ്ടതില്ല. അബൂഹുറൈറ (റ) പറയുന്നു:

قَامَ أَعْرَابِيٌّ فَبَالَ فِي الْمَسْجِدِ فَقَامَ إِلَيْهِ النَّاسُ لِيَقَعُوا بِهِ فَقَالَ لَهُمُ النَّبِيُّ ﷺ: دَعُوهُ وَأَرِيقُوا عَلَى بَوْلِهِ سِجْلاً مِنْ مَاءٍ فَإِنَّمَا بُعِثْتُمْ مُيَسِّرِينَ وَلَمْ تُبْعَثُوا مُعَسِّرِينَ (البخاري)

(ഒരു ഗ്രാമീണൻ പള്ളിയിൽ മൂത്രമൊഴിക്കാൻ തുടങ്ങി. ആളുകൾ അദ്ദേഹത്തെ കയ്യേറ്റം ചെയ്യാനൊരുങ്ങി. അപ്പോൾ നബി (സ) പറഞ്ഞു: അയാളെ വിട്ടേക്കുക. അയാളുടെ മൂത്രത്തിൽ ഒരു തൊട്ടി വെള്ളമൊഴി ക്കുക. സൗകര്യം ചെയ്തുകൊടുക്കുന്നവരായാണ് നിങ്ങൾ നിയുക്തരായി രിക്കുന്നത്. വിഷമം സൃഷ്ടിക്കുന്നവരായല്ല.)

ആയിശ (റ) പറഞ്ഞു:

زَكَاةُ الْأَرْضِ يَبْسُهَا (ابن أبي شيبة)

(ഭൂമിയുടെ ശുദ്ധീകരണം അതിന്റെ ഉണക്കമാണ്.)

നിലത്ത് വീണ മാലിന്യം ഖരവസ്തുവാണെങ്കിൽ അത് എടുത്തു മാറ്റു കയോ മണ്ണായി രൂപാന്തരപ്പെടുകയോ ചെയ്താൽ മാത്രമേ അവിടം ശുദ്ധി യാവുകയുള്ളൂ.

## വെണ്ണ, നെയ്യ് മുതലായവ

വെണ്ണ, നെയ്യ് മുതലായവ ഉരുകി ദ്രാവകാവസ്ഥയിലായിരിക്കേയാണ് അതിൽ മാലിന്യം വീണതെങ്കിൽ അത് ശുദ്ധിയാക്കുക സാധ്യമല്ല. അവ ഉറച്ചിരിക്കേയാണെങ്കിൽ മാലിന്യം തട്ടിയ ഭാഗം എടുത്തുകളഞ്ഞാൽ മതി. ബാക്കി ഭാഗം ശുദ്ധമായിരിക്കും.

### തോൽ

നായ, പന്നി എന്നിവ ഒഴികെയുള്ള മൃഗങ്ങളുടെ തോൽ, അത് അറുത്ത താണെങ്കിലും ചത്തതാണെങ്കിലും, ഊറക്കിട്ടാൽ ശുദ്ധമാവും. ഇബ്നു അബ്ബാസ് (റ) പറയുന്നു: നബി (സ) പറഞ്ഞു:

**إِذَا دُبِغَ الْإِهَابُ فَقَدْ طَهُرَ (متفق عليه)**

(തോൽ ഊറക്കിട്ടാൽ അതു ശുദ്ധമായി.)

## മിനുസമുള്ള വസ്തുക്കൾ

കത്തി, വാൾ, കണ്ണാടി തുടങ്ങിയ മിനുത്ത വസ്തുക്കളിൽ മാലിന്യം സ്പർശിച്ചാൽ മാലിന്യത്തിന്റെ പാട് ശേഷിക്കാത്തവിധം തുടച്ചുകള ഞ്ഞാൽ മതി. രക്തം പുരണ്ട വാൾ രക്തക്കറ തുടച്ചുകളഞ്ഞ് കഴുകാതെ അവയണിഞ്ഞ് സഹാബിമാർ നമസ്കരിക്കാറുണ്ടായിരുന്നു.

## ചെരിപ്പ്, ഷൂ മുതലായവ

ചെരിപ്പ്, ഷൂ മുതലായ പാദരക്ഷകളുടെ അടിഭാഗത്ത് മാലിന്യം പുര ണ്ടാൽ അത് മണ്ണിൽ ഉരസിയാൽ മതി. അബൂഹുറൈറ(റ) പറയുന്നു.

**إِذَا وَطِئَ أَحَدُكُمْ بِنَعْلِهِ الْأَذَى فَإِنَّ التُرَابَ لَهُ طَهُورٌ (أبوداود)**

(നിങ്ങളിൽ ആരെങ്കിലും ചെരിപ്പിട്ട് മാലിന്യത്തിൽ ചവിട്ടിയാൽ മണ്ണ് അതിനെ ശുദ്ധീകരിക്കും).

മണ്ണ്, ചെളി എന്നിവ നജസല്ല. നജസല്ലാത്ത ഏതും മറ്റൊന്നിനെ ശുദ്ധീ കരിക്കാൻ കെല്പുള്ളത(طهـــــور)ല്ലെങ്കിൽ സ്വയം ശുദ്ധിയുള്ളത് (طـــــــاهــــــر) ആണ്. അതിനാൽ മണ്ണും ചേറും ശരീരത്തിലോ മറ്റോ പുരണ്ടെന്ന് കരുതി നമസ്കാരം നീട്ടിവെക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവതല്ല.

നമസ്കാരശേഷം ഒരാൾ ശരീരത്തിലോ വസ്ത്രത്തിലോ ഉള്ള മാലി ന്യം കാണുകയോ അല്ലെങ്കിൽ നേരത്തേ കണ്ടത് ഓർമ്മവരികയോ ചെയ് താൽ അയാൾ നിർവ്വഹിച്ച നമസ്കാരത്തിന് അക്കാരണത്താൽ തകരാറ് സംഭവിക്കുകയില്ല. കണ്ടശേഷം അത് വൃത്തിയാക്കണമെന്നു മാത്രം. വസ്ത്രത്തിൽ എവിടെയാണ് മാലിന്യം പുരണ്ടതെന്ന് അറിയാൻ മാർഗ മില്ലെങ്കിൽ വസ്ത്രം മുഴുവൻ കഴുകുകയാണ് വേണ്ടത്.

ഒന്നിലധികം വസ്ത്രമുള്ള ആൾ മലിനമായ വസ്ത്രം തിരിച്ചറിയുന്നി ല്ലെങ്കിൽ ഒരു വസ്ത്രമണിഞ്ഞ് ഒരു നമസ്കാരമേ നിർവഹിക്കാവൂ.

## 4. വിസർജന മര്യാദകൾ

മലമൂത്ര വിസർജനവുമായി ബന്ധപ്പെട്ട്പാലിക്കേണ്ട ചില മര്യാദക ളുണ്ട്.

1. അല്ലാഹുവിന്റെ നാമം എഴുതിയതൊന്നും വിസർജനസ്ഥലത്തേക്ക് കൊണ്ടുപോവാതിരിക്കുക.
2. മറ്റുള്ളവർ കാണാത്തവിധം മറഞ്ഞിരിക്കുക. ജാബിർ (റ) പറയുന്നു:

**خَرَجْنَا مَعَ رَسُولِ اللهِ ﷺ فِي سَفَرٍ فَكَانَ لا يَأْتِي الْبَرَازَ حَتى يَغِيبَ فَلا يُرَى (ابن ماجه)**

(ഞങ്ങൾ നബി(സ)യോടൊപ്പം ഒരു യാത്ര പുറപ്പെട്ടു. അപ്പോൾ, തന്നെ ആരും കാണാത്ത വിധത്തിലേ അദ്ദേഹം വിസർജനത്തിനു പോവുമായിരു ന്നുള്ളൂ.)

അബു സഈദിൽ ഖിദ്രി (റ) പറയുന്നു:

**سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: لا يَخْرُجُ الرَّجُلانَ يَضْرِبَانِ الْغَائِطَ كَاشِفَيْنِ عَنْ عَوْرَتِهِمَا يَتَحَدَّثَانِ فَإِنَّ اللّٰهَ يَمْقُتُ عَلَى ذَلِكَ**

**(أحمد، أبوداود، ابن ماجه)**

(നബി (സ) പറയുന്നതു ഞാൻ കേട്ടു: രണ്ടുപേർ ഒന്നിച്ചും ഗുഹ്യ ഭാഗം പരസ്പരം കാണാൻപാകത്തിൽ തുറന്നിട്ടും പരസ്പരം സംസാരിച്ചു കൊണ്ടും വിസർജിക്കാൻ പോവരുത്. അല്ലാഹു അതു വെറുക്കുന്നു.)

3. വിസർജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ,

**بِسْمِ اللهِ اللّٰهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ**

(അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ മ്ലേഛതകളിൽനിന്നും മ്ലേഛ ശക്തികളിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു) എന്നു ചൊല്ലുക.

അനസ് (റ) പറയുന്നു:

**كَانَ رَسُولُ اللهِ ﷺ إِذَا أَرَادَ أَنْ يَدْخُلَ الْخَلاءَ قَالَ بِسْمِ اللهِ اللّٰهُمَّ إِنِّي أَعُوذُبِكَ مِنَ الْخُبْثِ وَالْخَبَائِثِ (أحمد، أبوداود، ابن ماجة)**

(നബി (സ) വിസർജനസ്ഥലത്ത് പ്രവേശിക്കാൻ ഉദ്ദേശിച്ചാൽ

**بِسْمِ اللهِ اللّٰهُمَّ إِنِّي أَعُوذُبِكَ مِنَ الْخُبْثِ وَالْخَبَائِثِ**

എന്ന് ചൊല്ലുമായിരുന്നു.)

അപകടകരമായ വല്ല തും കണ്ടാൽ അതുസംബന്ധിച്ച് ഉണർത്താവുന്നതാണ്. ഇബ്നു ഉമർ (റ) പറയുന്നു.

أَنَّ رَجُلاً مَرَّ عَلَى النَّبِيِّ ﷺ وَهُوَ يَبُولُ فَسَلَّمَ عَلَيْهِ فَلَمْ يَرُدَّ عَلَيْهِ (رواه الجماعة)

(നബി (സ) മൂത്രമൊഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ അദ്ദേഹത്തിന്റെ അരികിലൂടെ കടന്നുപോയി. അയാൾ നബി (സ)ക്ക് സലാം പറഞ്ഞു. നബി(സ) മടക്കിയില്ല.)

5. ഖിബ്‌ലയെ ആദരിക്കുക. അതായത് ഖിബ്‌ലക്കഭിമുഖമായോ പിന്നിട്ടോ മലമൂത്ര വിസർജനം ചെയ്യാതിരിക്കുക. നബി(സ) പറഞ്ഞ തായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

إِذَا جَلَسَ أَحَدُكُمْ لِحَاجَتِهِ فَلاَ يَسْتَقْبِلُ الْقِبْلَةَ وَلاَ يَسْتَدْبِرُهَا (أحمد، مسلم)

(നിങ്ങളിൽ ആരെങ്കിലും ആവശ്യം നിർവ്വഹിക്കാനിരുന്നാൽ അത് ഖിബ്‌ലയ്ക്ക് മുന്നിട്ടും പിന്നിട്ടും ആവരുത്.)

6. വസ്ത്രത്തിലോ ശരീരത്തിലോ മൂത്രം തെറിക്കാത്തവിധം സൗകര്യ മുള്ളിടത്താവണം ഇരിക്കുന്നത്. അബൂമൂസൽ അശ്അരി (റ) പറയുന്നു.

أَتَى رَسُولُ اللَّهِ ﷺ إِلَى مَكَانٍ دَمِثٍ إِلَى جَنْبِ حَائِطٍ فَبَالَ وَقَالَ : إِذَا بَالَ أَحَدُكُمْ فَلْيَرْتَدِ لِبَوْلِهِ (أحمد، أبوداود)

(റസൂൽ(സ) ഒരു മതിലിന് ചേർന്ന് സൗകര്യപ്രദമായ ഒരിടത്ത് ചെന്നി രുന്ന് മൂത്രമൊഴിച്ചു. പിന്നെ പറഞ്ഞു: മൂത്രമൊഴിക്കുമ്പോൾ മൂത്രമൊഴി ക്കാൻ സൗകര്യമുള്ള സ്ഥലം തെരഞ്ഞെടുക്കണം.)

7. മാളത്തിൽ മൂത്രമൊഴിക്കാതിരിക്കുക. അതിൽ വല്ല ജീവിയുമു ണ്ടാവാം. അബ്ദുല്ലാഹിബ്നു സർജിസ് (റ) പറയുന്നു.

نَهَى رَسُولُ اللَّهِ ﷺ أَنْ يُبَالَ فِي الْجُحْرِ (أحمد، النسائى، أبوداود، حاكم والبيهقي)

(മാളത്തിൽ മൂത്രമൊഴിക്കുന്നത് റസൂൽ (സ) നിരോധിച്ചിട്ടുണ്ട്.)

8. വഴിയിലും, ജനങ്ങൾ വിശ്രമിക്കുകയോ സംസാരിച്ചിരിക്കുകയോ ചെയ്യുന്നിടത്തും വിസർജനം ചെയ്യാതിരിക്കുക. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

اِتَّقُوا اللاَّعِنَيْنِ. قَالُوا: وَمَا اللاَّعِنَانِ يَا رَسُولَ اللَّهِ؟ قَالَ: الَّذِي يَتَخَلَّى فِي طَرِيقِ النَّاسِ أَوْ ظِلِّهِمْ (أحمد، مسلم، أبوداود)

(രണ്ടു ശാപകാരണങ്ങൾ നിങ്ങൾ സൂക്ഷിക്കുക. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്താണ് രണ്ടു ശാപകാരണങ്ങൾ? നബി (സ) പറഞ്ഞു: ജനങ്ങൾ സഞ്ചരിക്കുന്ന വഴിയിലും അവർ തണൽ കൊള്ളുന്നിട ത്തും വെളിക്കിരിക്കൽ തന്നെ.)

9. കുളിപ്പുരയിലും, കെട്ടിനിൽക്കുന്നതോ ഒഴുകുന്നതോ ആയ വെള്ള ത്തിലും വിസർജനം ചെയ്യാതിരിക്കുക. നബി(സ) പറഞ്ഞതായി അബ്ദു ല്ലാഹിബ്നു മുഗഫ്ഫൽ (റ) ഉദ്ധരിക്കുന്നു.

لاَ يَبُولَنَّ أَحَدُكُمْ فِي مُسْتَحَمِّهِ ثُمَّ يَتَوَضَّأُ فِيهِ فَإِنَّ عَامَّةَ الْوَسْوَاسِ مِنْهُ (أحمد، أبوداود)

(നിങ്ങളിൽ ആരും കുളിക്കുന്നേടത്ത് മൂത്രമൊഴിക്കുകയും പിന്നെ അവിടെത്തന്നെ ഇരുന്ന് വുദു ഉണ്ടാക്കുകയും ചെയ്യരുത്. കാരണം മുഴുവൻ 'വസ്‌വാസും' അതുമൂലമാണുണ്ടാവുന്നത്.)

ജാബിർ (റ) പറയുന്നു.

إِنَّ النَّبِيَّ ﷺ نَهَى أَنْ يُبَالَ فِي الْمَاءِ الرَّاكِدِ (أحمد، النسائي، ابن ماجه)

(കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് നബി (സ) നിരോധിച്ചിട്ടുണ്ട്.)

إِنَّ النَّبِيَّ ﷺ نَهَى أَنْ يُبَالَ فِي الْمَاءِ الْجَارِي (الطبرانى)

(ഒഴുകുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് നബി(സ) തടഞ്ഞിട്ടുണ്ട്.)

10. അനിവാര്യമല്ലെങ്കിൽ നിന്ന് മൂത്രമൊഴിക്കാതിരിക്കുക. നബി(സ) ഇരുന്നാണ് മൂത്രമൊഴിച്ചിരുന്നത്. ആയിശ(റ) പറയുന്നു:

مَنْ حَدَّثَكُمْ أَنَّ رَسُولَ اللهِ ﷺ بَالَ قَائِمًا فَلاَ تُصَدِّقُوهُ، مَاكَانَ يَبُولُ إِلَّا جَالِسًا (رواه الخمسة إلا أباداود)

(റസൂൽ (സ) നിന്ന് മൂത്രമൊഴിച്ചിരുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ അതു വിശ്വസിക്കരുത്. നബി(സ) ഇരുന്നല്ലാതെ മൂത്രമൊഴിച്ചിരുന്നില്ല.)

അനിവാര്യമെങ്കിൽ നിന്നും മൂത്രമൊഴിക്കാമെന്ന് മറ്റു ഹദീഥുകളിൽ നിന്ന് മനസ്സിലാക്കാം. ഹുദൈഫ (റ) പറയുന്നു:

إِنَّ النَّبِيَّ ﷺ اِنْتَهَى إِلَى سُبَاطَةِ قَوْمٍ فَبَالَ قَائِمًا فَتَنَحَّيْتُ فَقَالَ: اُدْنُهُ فَدَنَوْتُ حَتَى قُمْتُ عِنْدَ عَقِبَيْهِ فَتَوَضَّأَ فَمَسَحَ عَلَى خُفَّيْهِ (رواه الجماعة)

(നബി (സ) ഒരു കൂട്ടരുടെ ചവറ്റുകൂനയ്ക്കരികിൽ ചെന്നു. അദ്ദേഹം അവിടെ നിന്നുകൊണ്ട് മൂത്രമൊഴിച്ചു. ഞാനൽപം മാറിനിൽക്കുകയായിരു ന്നു. അദ്ദേഹം എന്നോട് അടുത്തുവരാൻ പറഞ്ഞു. ഞാൻ അടുത്തു ചെന്ന് അദ്ദേഹത്തിന്റെ തൊട്ടുപിന്നിൽ നിന്നു. തുടർന്ന് നബി(സ) വുദു ഉണ്ടാക്കു കയും ഖുഫ്ഫ് തടവുകയും ചെയ്തു.)

11. മലമൂത്രവിസർജനം കഴിഞ്ഞാൽ വെള്ളമോ, കല്ല്, കടലാസ് തുടങ്ങി മാലിന്യം ഒപ്പിയെടുക്കാൻ പറ്റിയ വസ്തുക്കളോ രണ്ടും കൂടിയോ ഉപയോ ഗിച്ച് ശൗച്യം ചെയ്യുക. നബി(സ) പറഞ്ഞതായി ആയിശ(റ) ഉദ്ധരിക്കുന്നു:

إِذَا ذَهَبَ أَحَدُكُمْ إِلَى الغَائِطِ فَلْيَسْتَطِبْ بِثَلاَثَةِ أَحْجَارٍ فَإِنَّهَا تُجْزِئُ عَنْهُ (أحمد، النسائي، الدارقطني، أبوداود)

(നിങ്ങളിൽ ആരെങ്കിലും വിസർജനത്തിന് പോയാൽ അയാൾ മൂന്ന് കല്ലുകൊണ്ട് ശൗച്യം ചെയ്യട്ടെ. അയാൾക്ക് അത് മതിയാവും.)

അനസ് (റ) പറയുന്നു:

كَانَ رَسُولُ اللّهِ ﷺ يَدْخُلُ الْخَلاَءَ فَأَحْمِلُ أَنَا وَغُلاَمٌ نَحْوِي إِدَاوَةً مِنْ مَاءٍ وَعَنَزَةً فَيَسْتَنْجِي بِالْمَاءِ (متفق عليه)

വടിയും കൂടെ കൊ ണ്ടുപോവും. നബി(സ്വ) വെള്ളം കൊണ്ട് ശൗച്യം ചെയ്യും.

12. ശൗച്യം ചെയ്യുന്നത് ഇടതുകൈ കൊണ്ടാവുക. അബ്ദുർറഹ്മാനു ബ്നു സൈദ് (റ) പറയുന്നു:

قِيلَ لِسَلْمَانَ : قَدْ عَلَّمَكُمْ نَبِيُّكُمْ كُلَّ شَيْئٍ حَتَّى الْخِرَائَةِ فَقَالَ سَلْمَانُ أَجَلْ نَهَانَا أَنْ نَسْتَقْبِلَ الْقِبْلَةَ بِغَائِطٍ أَوْ بِبَوْلٍ أَوْنَسْتَنْجِي بِالْيَمِينِ أَوْ يَسْتَنجِي أَحَدُنَا بِأَقَلَّ مِنْ ثَلاثَةِ أَحْجَارٍ وَ أَنْ لا نَسْتَنْجِي بِرَجِيعٍ أَوْ بِعَظْمٍ ( مسلم، أبوداود، الترمذي)

(സൽമാനോട് ചോദിച്ചു: നിങ്ങളുടെ പ്രവാചകൻ വിസർജ്ജനമടക്കം നിങ്ങളെ സകലകാര്യവും പഠിപ്പിച്ചിരിക്കുന്നുവല്ലോ!

സൽമാൻ പറഞ്ഞു: അതെ, മലവിസർജ്ജനം നടത്തുമ്പോഴും മൂത്രമൊ ഴിക്കുമ്പോഴും ഖിബ്ലയെ അഭിമുഖീകരിക്കുന്നതും, വലതുകൈകൊണ്ട് ശൗച്യം ചെയ്യുന്നതും, മൂന്നിൽ കുറഞ്ഞ കല്ലുകൊണ്ട് ശൗച്യം ചെയ്യു ന്നതും ഞങ്ങളോട് നിരോധിച്ചിട്ടുണ്ട്. ഉണക്കക്കാഷ്ഠം കൊണ്ടോ എല്ലു കൊണ്ടോ ശൗച്യം ചെയ്യരുതെന്നും കല്പിച്ചിട്ടുണ്ട്.)

13. ശൗച്യം കഴിഞ്ഞാൽ കൈ സോപ്പോ മറ്റോ ഉപയോഗിച്ച് കഴുകുക. അബൂഹുറൈറ (റ) പറയുന്നു:

كَانَ النَّبِيُّ ﷺ إِذَا أَتَى الْخَلاءَ أَتَيْتُهُ بِمَاءٍ فِي تَوْرٍ أَوْ رَكْوَةٍ فَاسْتَنْجَى ثُمَّ مَسَحَ يَدَهُ بِالْأَرْضِ (أبوداود، النسائي، البيهقي، ابن ماجه)

(നബി (സ) വിസർജ്ജനത്തിന് പോവും. ഞാൻ ഒരു പാത്രത്തിൽ വെള്ള വുമായി ചെല്ലും. നബി(സ) ശൗച്യം ചെയ്യും. പിന്നെ കൈ നിലത്ത് ഉരസി കഴുകും.)

14. വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ആദ്യം ഇടതുകാൽ വെക്കുക. പുറത്തുകടക്കുമ്പോൾ വലതുകാൽ ആദ്യം വെക്കുക. പുറത്തുകടന്നാൽ,

غُفْرَانَكَ الْحَمْدُ لِلّهِ الَّذِي أَذْهَبَ عَنِّي الْأَذَى وَعَافَانِي

(അല്ലാഹുവേ മാപ്പ്, എന്നിൽനിന്ന് വിഷമം അകറ്റി എനിക്ക് സൗഖ്യം നൽകിയ അല്ലാഹുവിന് സ്തുതി) എന്ന് പറയുക.

## 5. ചില ഉത്തമകാര്യങ്ങൾ

വൃത്തിയുടെയും സംസ്കാരത്തിന്റെയും ഭാഗമായി സ്വീകരിക്കേണ്ട ചില കാര്യങ്ങളുണ്ട്. മുഴുവൻ പ്രവാചകൻമാരും അവ കൈക്കൊണ്ടിരുന്ന തായും അവ പിന്തുടരാൻ നബി(സ) നിർദ്ദേശിച്ചതായും ഹദീഥുകളിൽ കാണാം. فِطْرة (പ്രകൃതി) എന്നാണ് ഹദീഥുകളിൽ അവയെ വ്യവഹരിച്ചിരി ക്കുന്നത്. ആ കാര്യങ്ങളാണ് താഴെ:

1. ലിംഗത്തിന്റെ അഗ്രചർമ്മം നീക്കുക. ഇബ്രാഹിം (അ) മുതൽ എല്ലാ പ്രവാചകൻമാരും പരിഛേദനയ്ക്ക് വിധേയരായിരുന്നു. ശൈശവത്തി ലാണിത് ചെയ്യേണ്ടത്. ചെറുപ്പത്തിൽ ചെയ്തിട്ടില്ലാത്തപക്ഷം പ്രായമായ ശേഷവും നിർവഹിക്കാം. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

إِخْتَتَنَ إِبْرَاهِيمُ خَلِيلُ الرَّحْمٰنِ بَعْدَمَا أَتَتْ عَلَيْهِ ثَمَانُونَ سَنَة وَاخْتَتَنَ بِالْقَدُوم (البخاري)

(അല്ലാഹുവിന്റെ ഖലീൽ, ഇബ്രാഹീം(അ) എൺപതുവയസ്സായ ശേഷം പരിഛേദനം ചെയ്തു. ഖദൂം എന്ന സ്ഥലത്തുവെച്ചാണ് അദ്ദേഹം പരിഛേ ദനയേറ്റത്.)

2. ഗുഹ്യഭാഗത്തെ രോമം നീക്കുക.

3. കക്ഷത്തുള്ള രോമം നീക്കുക.

4. നഖം മുറിക്കുക.

5. മീശ വെട്ടുക. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു

خَمْسٌ مِنَ الْفِطْرَةِ الْإِسْتِحْدَادُ وَالْخِتَانُ وَقَصُّ الشَّارِبِ وَنَتْفُ الإِبْطِ وَتَقْلِيمُ الأَظْفَارِ (رواه الجماعة)

(അഞ്ചുകാര്യങ്ങൾ പ്രവാചകൻമാരുടെ പൊതുചര്യയിൽപെട്ടതാണ്. ഗുഹ്യഭാഗത്തെ രോമം നീക്കുക, അഗ്രചർമ്മം പരിഛേദിക്കുക, മീശ വെട്ടുക, കക്ഷത്തെ രോമം പറിക്കുക, നഖം മുറിക്കുക എന്നിവ.)

6.താടിനീട്ടുക.നബി(സ)പറഞ്ഞതായിഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു:

خَالِفُوا الْمُشرِكِينَ وَفِرُّوا اللُّحى وَأَحْفُوا الشَّوَارِبَ (متفق عليه)

(ബഹുദൈവാരാധകരോട് വ്യത്യാസം പുലർത്തുക, താടി നീട്ടുകയും മീശ കളയുകയും ചെയ്യുക)

7. തലമുടി നീട്ടുന്നുവെങ്കിൽ അത് വൃത്തിയായി ചീകിവെക്കുക. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

مَنْ كَانَ لَهُ شَعْرٌ فَلْيُكْرِمْهُ (أبوداود)

(മുടിയുള്ളവൻ അത് മാന്യമായി പരിരക്ഷിക്കണം). പാറിപ്പറന്ന താടിയും മുടിയുമായി വന്ന ആളോട് നബി(സ) അത് കഴുകി ചീകിവെച്ചു വരാൻ നിർ ദേശിക്കുകയുണ്ടായി. അതനുസരിച്ച് വൃത്തിയായി വന്നപ്പോൾ നബി(സ) ചോദിക്കുന്നു:

أَلَيْسَ هَذَا خَيْرًا مِنْ أَنْ يَأْتِيَ أَحَدُكُمْ ثَائِرَ الرَّأْسِ كَأَنَّهُ شَيْطَانٌ ؟ (رواه مالك)

(നിങ്ങളിലൊരുത്തൻ പാറിപ്പറന്ന തലയുമായി ചെകുത്താനെപ്പോലെ വരുന്നതിനെക്കാൾ ഇതല്ലേ നല്ലത്?)

8. തലയിലും താടിയിലുമുള്ള നരച്ച മുടി പറിച്ചുകളയാതിരിക്കുക. അംറുബ്നു ശുഐബ് പിതാവും പിതാമഹനും വഴി ഉദ്ധരിക്കുന്നു:

إِنَّ النَّبِيَّ ﷺ قَالَ: لاَ تَنْتِفْ الشَّيْبَ فَإِنَّهُ نُورُ الْمُسْلِمِ، مَا مِنْ مُسْلِمٍ يَشِيبُ شَيْبَةً فِي الْإِسْلَامِ إِلَّا كَتَبَ اللّٰهُ لَهُ بِهَا حَسَنَةً وَرَفَعَهُ بِهَا دَرَجَةً وَحَطَّ عَنْهُ بِهَا خَطِيئَةً (أحمد، أبوداود، الترمذي، النسائي، ابن ماجه)

(നബി(സ) പറഞ്ഞു: നര പറിക്കരുത്. അത് മുസ്ലിമിന് പ്രകാശമാണ്. ഇസ്ലാമിൽ ജീവിച്ച് നരച്ച മുസ്ലിമിന് അല്ലാഹു

അതുവഴി ഒരു സുകൃതം രേഖപ്പെടുത്തും, അവനെ അതുവഴി ഒരുപടി ഉയർത്തും, അതുവഴി അവന്റെ ഒരു പാപം മായ്ചുകളയുകയും ചെയ്യും.)

[illegible] അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

إِنَّ الْيَهُودَ وَالنَّصَارَى لاَ يَصْبِغُونَ فَخَالِفُوهُمْ (رواه الجماعة)

(യഹൂദരും ക്രിസ്ത്യാനികളും (മുടിക്ക്) ചായം നൽകാറില്ല. അതിനാൽ നിങ്ങൾ അവരിൽനിന്ന് വ്യത്യാസം പുലർത്തുക.)

നബി(സ) പറഞ്ഞതായി അബൂദർറ് (റ) ഉദ്ധരിക്കുന്നു:

إِنَّ أَحْسَنَ مَا غَيَّرْتُمْ بِهِ هَذَا الشَّيْبَ الْحِنَّاءُ وَالْكَتْمُ (رواه الخمسة)

(നരയുടെ നിറം മാറ്റാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും നല്ല സാധനം മൈലാഞ്ചിയും കത്മുമാണ് (മുടി കറുപ്പിക്കാനുപയോഗിക്കുന്ന ചെടി.)

സ്ത്രീയുടെ കൈകൾക്കും മൈലാഞ്ചിച്ചായം നൽകാവുന്നതാണ്. പുരുഷൻ ആവശ്യമില്ലാതെ അപ്രകാരം ചെയ്യുന്നത് നന്നല്ല. സ്ത്രീയായാ ലും പുരുഷനായാലും അനിവാര്യമെങ്കിലല്ലാതെ മുടിയിൽ കറുപ്പ് ചായം ഉപയോഗിക്കുന്നത് നബി (സ) വിരോധിച്ചിട്ടുണ്ട്.

9. സുഗന്ധം ഉപയോഗിക്കൽ: ഉണർവിനും സന്തോഷത്തിനും അത് ഏറെ സഹായകമാണ്. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) പറ യുന്നു:

مَنْ عُرِضَ عَلَيْهِ طِيبٌ فَلاَ يَرُدَّهُ فَإِنَّهُ خَفِيفُ الْمَحْمَلِ طَيِّبُ الرَّائِحَةِ (مسلم، النسائي، أبوداود)

(ആർക്കെങ്കിലും സുഗന്ധദ്രവ്യം വെച്ചുനീട്ടിയാൽ അയാൾ അത് നിരസിക്കരുത്. അതു വഹിക്കാൻ പ്രയാസമില്ലാത്തതും നല്ല വാസനയു ള്ളതുമാണല്ലോ.)

10. ദന്തശുദ്ധി വരുത്തുക: പല്ലുതേക്കൽ ഏതു സമയത്തും സുന്നത്താണ്. ഓരോ വുദുവിന്റെ സമയത്തും ഉറക്കമുണർന്നശേഷവും നമസ്കാരവേളയി ലും ഖുർആൻ പാരായണം ചെയ്യുമ്പോഴും വായനാറ്റം അനുഭവപ്പെടുമ്പോ ഴും അത് കൂടുതലുത്തമമാണ്. നബി(സ) പറഞ്ഞതായി ആയിശ (റ) ഉദ്ധ രിക്കുന്നു:

السِّوَاكُ مُطَهِّرَةٌ لِلْفَمِ مَرْضَاةٌ لِلرَّبِّ (أحمد، النسائي، الترمذي)

(പല്ലുതേക്കൽ വായക്കു വൃത്തിനൽകും. നാഥനെ തൃപ്തനാക്കുകയും ചെയ്യും.)

നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

لَوْلاَ أَنْ أَشُقَّ عَلَى أُمَّتِي لَأَمَرْتُهُمْ بِالسِّوَاكِ عِنْدَ كُلِّ وُضُوءٍ (مالك، الشافعي، البيهقي)

(എന്റെ സമുദായത്തിന് പ്രയാസകരമായി അനുഭവപ്പെടുമായിരുന്നി ല്ലെങ്കിൽ ഓരോ വുദുവിന്റെ സമയത്തും പല്ലു തേക്കാൻ ഞാൻ അവരോട് കല്പിക്കുമായിരുന്നു.)

## 6. അംഗശുദ്ധി (الْوُضُوءُ)

നിർണിത അവയവങ്ങൾ കഴുകുകയും തടവുകയും ചെയ്യുന്നതിനാണ് 'വുദൂഅ്' എന്ന് പറയുന്നത്. നമസ്കാരം, കഅബാ പ്രദക്ഷിണം (طـــــــواف), മുസ്ഹഫ് തൊടൽ ആദിയായ കാര്യങ്ങൾക്ക് 'വുദൂഅ്' നിർബന്ധമാണ്. നമസ്കാരം ഫർദ് എന്നോ സുന്നത്ത് എന്നോ മയ്യിത്ത് നമസ്കാരം എന്നോ വ്യത്യാസമില്ല. ഖുർആൻ പറയുന്നു:

يَـا أَيُّهَـا الَّـذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَوةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيكُمْ إِلَى الْمَرَافِقِ وَامْسَحُوا بِرُؤُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ (المائدة : ٦)

(വിശ്വസിച്ചവരേ, നിങ്ങൾ നമസ്കരിക്കാൻ ഒരുങ്ങുമ്പോൾ നിങ്ങളുടെ മുഖവും, മുട്ടുവരെ കൈകളും കഴുകുക. തല തടവുകയും നെരിയാണി വരെ കാലുകൾ കഴുകുകയും ചെയ്യുക.)

നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

لاَ يَقْبَلُ اللَّهُ صَلاَةَ أَحَدِكُمْ إِذَا أَحْدَثَ حَتَّى يَتَوَضَّأَ (البخاري، مسلم، أبوداود، الترمذي)

(നിങ്ങളിൽ ആരുടെയും നമസ്കാരം – അവൻ അശുദ്ധിയുള്ളവനെ ങ്കിൽ – വുദൂഅ് ഉണ്ടാക്കിയല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ല.)

ത്വവാഫ് സംബന്ധിച്ച് നബി(സ) പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു.

الطَّوَافُ صَلاَةٌ إِلاَّ أَنَّ اللَّهَ تَعَالَى أَحَلَّ فِيهِ الْكَلاَمَ فَمَنْ تَكَلَّمَ فَلاَ يَتَكَلَّمُ إِلاَّ بِخَيْرٍ (الترمذي، الدارقطني)

(ത്വവാഫ് നമസ്കാരം തന്നെയാണ്. പക്ഷേ, അല്ലാഹു അതിൽ സംസാരം അനുവദിച്ചിട്ടുണ്ട്. അതിനാൽ സംസാരിക്കുന്നവൻ നല്ലത് മാത്ര മാവണം സംസാരിക്കുന്നത്.)

മുസ്ഹഫ് തൊടുന്നതു സംബന്ധിച്ച് നബി(സ) പറഞ്ഞതായി അബ്ദു ല്ലാഹിബ്നു ഉമർ (റ) ഉദ്ധരിക്കുന്നു:

لاَ يَمَسُّ الْقُرْآنَ إِلاَّ طَاهِرٌ (ذكره الهيثمي في مجمع الزوائد)

(ശുദ്ധിയുള്ളവനല്ലാതെ ഖുർആൻ തൊടരുത്.)

ചില കാര്യങ്ങൾക്ക് വുദൂഅ് സുന്നത്താണ്. അവ താഴെ:

1) ذِكْر : അല്ലാഹുവിനെ സ്മരിക്കലാണ് ദിക്ർ. അല്ലാഹുവിനെ സംബ ന്ധിച്ചുള്ള ഏത് പരാമർശവും اِسْتِغْفَار، دُعَاء، تَحْمِيد، تَسْبِيح، تَهْلِيل സലാം ചൊല്ലൽ, മടക്കൽ എല്ലാം ദിക്റിൽ പെടും. നബി(സ) വുദൂഅ് ഉണ്ടാക്കി ക്കൊണ്ടിരിക്കേ സലാം ചൊല്ലിയ ആൾക്ക് 'വുദൂഅ്' ഉണ്ടാക്കിക്കഴിഞ്ഞ ശേഷമേ സലാം മടക്കിയുള്ളൂ. നബി(സ) പറഞ്ഞ കാരണം ഇപ്രകാരമാണ്.

إِنَّهُ لَمْ يَمْنَعْنِي أَنْ أَرُدَّ عَلَيْكَ إِلاَّ أَنِّي كَرِهْتُ أَنْ أَذْكُرَ اللَّهَ إِلاَّ عَلَى طَهَارَةٍ (أحمد، أبوداود)

(ശുദ്ധിയില്ലാതെ അല്ലാഹുവിനെ സ്മരിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല എന്നതു മാത്രമാണ് താങ്കൾക്ക് സലാം മടക്കാൻ എനിക്കുണ്ടായ തടസ്സം.)

2) ഉറങ്ങാൻ പോവുമ്പോൾ: നബി(സ) പറഞ്ഞതായി ബറാഉബ്നു ആസിബ്(റ) പറയുന്നു:

إِذَا أَتَيْتَ مَضْجَعَكَ فَتَوَضَّأْ وُضُوئَكَ لِلصَّلاةِ (أحمد، البخاري، الترمذي)

(നീ കിടപ്പ് സ്ഥലത്ത് ചെന്നാൽ നമസ്കാരത്തിന് എന്നതുപോലെ വുദൂഅ് ഉണ്ടാക്കുക)

3) ലൈംഗീകബന്ധം കാരണം കുളി നിർബന്ധമുള്ള ആൾ തിന്നാനോ, കുടിക്കാനോ, വീണ്ടും ലൈംഗികബന്ധത്തിലേർപ്പെടാനോ ഉദ്ദേശിച്ചാൽ. അമ്മാറുബ്നു യാസിർ(റ) പറയുന്നു:

إِنَّ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ رَخَّصَ لِلْجُنُبِ إِذَا أَرَادَ أَنْ يَأْكُلَ أَوْ يَشْرَبَ أَوْيَنَامَ أَنْ يَتَوَضَّأَ وُضوءَهُ لِلصَّلاةِ (أحمد، الترمذي)

(ജനാബത്തുകാരന്ന് അയാൾ തിന്നാനോ, കുടിക്കാനോ, ഉറങ്ങാനോ ഉദ്ദേശിച്ചാൽ നമസ്കാരത്തിന് എന്നപോലെ വുദൂഅ് ഉണ്ടാക്കിയാലും മതിയെന്ന് നബി(സ) ഇളവ് നല്കിയിട്ടുണ്ട്.)

നബി(സ) പറഞ്ഞതായി അബൂസഈദിൽ ഖിദ്രി(റ) ഉദ്ധരിക്കുന്നു.

إِذَا أَتَى أَحَدُكُمْ أَهْلَهُ ثُمَّ أَرَادَ أَنْ يَعُودَ فَلْيَتَوَضَّأْ (رواه الجماعة إلا البخاري)

(നിങ്ങളിൽ ആരെങ്കിലും ഭാര്യയെ സമീപിക്കുകയും വീണ്ടും സമീപി ക്കാൻ ഉദ്ദേശിക്കുകയും ചെയ്താൽ അയാൾ വുദൂഅ് ഉണ്ടാക്കട്ടെ).

4) കുളിക്ക് മുമ്പ്: ആയിശ(റ) പറയുന്നു:

كَانَ رَسُولُ اللّٰهِ ﷺ إِذَا اغْتَسَلَ مِنَ الْجَنَابَةِ يَبْدَأُ فَيَغْسِلُ يَدَيْهِ ثُمَّ يُفْرِغُ بِيَمِينِهِ عَلَى شِمَالِهِ فَيَغْسِلُ فَرْجَهُ ثُمَّ يَتَوَضَّأُ وُضُوئَهُ لِلصَّلاةِ (رواه الجماعة)

(റസൂൽ(സ) ജനാബത്തിന് കുളിക്കുമ്പോൾ ആദ്യം രണ്ടുകൈകൾ കഴു കും. പിന്നെ വലതുകൈ കൊണ്ട് ഇടതുകൈയിൽ വെള്ളം ഒഴിച്ച് ഗുഹ്യ ഭാഗം കഴുകും. പിന്നെ നമസ്കാരത്തിന് എന്നതുപോലെ വുദൂഅ് ഉണ്ടാക്കും.)

5) നമസ്കരിച്ച ശേഷം പിന്നെയും നമസ്കരിക്കാൻ ഉദ്ദേശിക്കുന്നുവെ ങ്കിൽ വുദൂഅ് ഉണ്ടായിരിക്കേ വീണ്ടും വുദൂഅ് ഉണ്ടാക്കൽ സുന്നത്താണ്. ബുറൈദ(റ) പറയുന്നു:

كَانَ النَّبِيُّ ﷺ يَتَوَضَّأُ عِنْدَ كُلِّ صَلاةٍ فَلَمَّا كَانَ يَوْمُ الْفَتْحِ تَوَضَأَ وَمَسَحَ عَلَى خُفَّيْهِ وَصَلَّى الصَّلَوَاتِ بِوُضُوءٍ وَاحِدٍ. فَقَالَ لَهُ عُمَرُ: يَا رَسُولَ اللّٰهِ إِنَّكَ فَعَلْتَ شَيْئًا لَمْ تَكُنْ تَفْعَلُهُ! فَقَالَ : عَمْدًا فَعَلْتُهُ يَا عُمَرُ (أحمد، مسلم)

(നബി(സ) എല്ലാ നമസ്കാരവേളയിലും വുദൂഅ് ഉണ്ടാക്കുമായിരുന്നു. മക്കാ വിജയനാളിൽ നബി(സ) വുദൂഅ് ഉണ്ടാക്കി മേൽജോഡി തടവി. എന്നിട്ട് ഒറ്റ വുദൂഅ് കൊണ്ട് പല നമസ്കാരവും നിർവഹിച്ചു. അപ്പോൾ ഉമർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, സാധാരണ ചെയ്യാറില്ലാത്ത ഒന്നാ ണല്ലോ അങ്ങ് ചെയ്തിരിക്കുന്നത്! നബി(സ) പറഞ്ഞു: ഉമർ ഞാനത് ബോധപൂർവം ചെയ്തതാണ്.)

വുദൂഅ് ഉണ്ടാക്കുന്നതിനിടയ്ക്ക് ആവശ്യമെങ്കിൽ സംസാരിക്കുന്നത് ഹറാമല്ല. ഓരോ അവയവം കഴുകുമ്പോഴും പ്രത്യേകം പ്രത്യേകം പ്രാർ ഥന ഉരുവിടുന്നതിന് നബിയുടെ മാതൃകയില്ല.

ഒരു അവയവം എത്ര തവണ കഴുകി എന്ന് സംശയം തോന്നിയാൽ ബോധ്യമുള്ള എണ്ണം പരിഗണിച്ച് ബാക്കി തവണ പൂർത്തീകരിക്കേണ്ട താണ്. അവയവത്തിൽ വെള്ളം ചേരാൻ തടസ്സമായിത്തീരുന്ന മെഴുക്, പശ പോലുള്ള വല്ലതുമുണ്ടെങ്കിൽ അതു നീക്കിവേണം ആ അവയവം കഴു കാൻ. അല്ലാഞ്ഞാൽ വുദൂഅ് ശരിയാവുകയില്ല. മൈലാഞ്ചിച്ചായം പോലെ നിറം മാത്രം അവശേഷിക്കുന്നുവെങ്കിൽ കുഴപ്പമില്ല.

രക്തസ്രാവം, മൂത്രവാർച്ച, തുടരെ അധോവായു പോകൽ തുടങ്ങിയ പ്രശ്നങ്ങളുള്ളവർ ഓരോ നമസ്കാരത്തിനും പ്രത്യേകം വുദൂഅ് ഉണ്ടാ ക്കൽ നിർബന്ധമാണ്. പിടിച്ചുനിർത്താൻ പറ്റാത്തവിധം തുടരെ ഇവ സംഭ
വിച്ചുകൊണ്ടിരിക്കുമെങ്കിൽ നമസ്കാരത്തിനിടക്ക് അങ്ങനെ സംഭവിച്ചാൽ നമസ്കാരം അസാധു (باطل) ആവുകയില്ല. വുദൂഅ് ഉണ്ടാക്കുമ്പോൾ വെള്ളം ഒഴിച്ചുതരാൻ മറ്റൊരാളുടെ സഹായം സ്വീകരിക്കുന്നതും തേടു ന്നതും തെറ്റല്ല. വുദൂഅ് ഉണ്ടാക്കിക്കഴിഞ്ഞാൽ അവയവങ്ങൾ തോർത്താ വുന്നതാണ്.

## വുദൂഇന്റെ നിർബന്ധഘടകങ്ങൾ (فَرَائِضُ الْوُضُوءِ)

വുദൂഇന് ചില ഘടകങ്ങളുണ്ട്. അവ ഒത്തുചേർന്നില്ലെങ്കിൽ അത് വുദൂഅ് ആവുകയില്ല. അത്തരം ഘടകങ്ങളെ വദൂവിന്റെ 'ഫർദു'കൾ എന്നു വിളി ക്കുന്നു. ആറ് 'ഫർദു'കളാണ് വുദൂഇനുള്ളത്.

1) **നിയ്യ**: കരുതുക, ഉദ്ദേശിക്കുക എന്നൊക്കെയാണ് നിയ്യത്ത് എന്ന പദത്തിനർഥം. അല്ലാഹുവിന്റെ ആജ്ഞയനുസരിച്ചും അവന്റെ പ്രീതി കൊ തിച്ചും ഇന്ന കാര്യം ചെയ്യുന്നു എന്ന് മനസിൽ കരുതുകയാണ് നിയ്യത്ത്. അത് ഉരുവിടേണ്ടതില്ല. നബി(സ) പറഞ്ഞതായി ഉമർ(റ) ഉദ്ധരിക്കുന്നു:

إِنَّمَا الْأَعْمَالُ بِالنِّيَّاتِ وَإِنَّمَا لِكُلِّ امْرِئٍ مَا نَوَى ... (رواه الجماعة)

(ഉദ്ദേശങ്ങൾക്കനുസരിച്ചാണ് കർമങ്ങൾ. ഏതൊരു മനുഷ്യന്നും അവൻ ഉദ്ദേശിച്ചതു മാത്രമാണുള്ളത്.)

വുദൂഅ് ഉണ്ടാക്കുന്നു, ചെറിയ അശുദ്ധിയിൽനിന്ന് ഒഴിവാകുന്നു, വുദൂ ഇന്റെ ഫർദുകൾ നിർവഹിക്കുന്നു എന്നിങ്ങനെയൊക്കെയാവാം നിയ്യത്ത്.

2) **മുഖം കഴുകൽ:** നീളത്തിൽ നെറ്റിത്തടം മുതൽ താടിയെല്ലിന്റെ അറ്റംവരെയും വീതിയിൽ ഒരു ചെവിക്കുറ്റി മുതൽ മറ്റേ ചെവിക്കുറ്റി വരേ യുമാണ് മുഖം. അത്രയും ഭാഗത്ത് വെള്ളം ഒഴുക്കുകയും അവിടം മുഴുവൻ നനയുകയുമാണ് മുഖം കഴുകുക എന്നതിന്റെ താല്പര്യം.

3) **കൈരണ്ടും മുട്ടുൾപ്പെടെ കഴുകുക.**

4) **തല തടവുക:** തലയിൽനിന്ന് അല്പ ഭാഗം തടവിയാൽ മതിയാകും.

5) **കാൽ രണ്ടും ഞരിയാണിയുൾപ്പെടെ കഴുകുക**. കാൽ മടമ്പുക ളിൽ വെള്ളമെത്താൻ പ്രത്യേകം ശ്രദ്ധിക്കണം.
6) **ഇവ ഓരോന്നും വഴിക്കുവഴി ചെയ്യുക**.
വുദൂ ഉണ്ടാക്കേണ്ടവിധം ഖുർആൻ ഇപ്രകാരം വിവരിക്കുന്നു.

**يَا أَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَي الصَّلَوةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيكُمْ إِلَى الْمَرَافِقِ وَامْسَحُوا بِرُؤُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ (المائدة:٦)**

(വിശ്വസിച്ചവരേ, നിങ്ങൾ നമസ്കരിക്കാനൊരുങ്ങിയാൽ നിങ്ങളുടെ മുഖവും മുട്ടുമുൾപ്പെടെ രണ്ട് കൈയ്യും കഴുകുക. തല തടവുക, ഞെരിയാ ണികൾ രണ്ടും ഉൾപ്പെടെ കാലുകളും കഴുകുക)

## വുദൂഇന്റെ സുന്നത്തുകൾ (سُنَنُ الْوُضُوءِ)

നബി ചെയ്തതായി മാതൃകയുള്ള കർമമാണ് സുന്നത്ത്. നിർബന്ധ ശാസനയില്ലാത്തതും ചെയ്യാതിരുന്നാൽ കുഴപ്പമില്ലാത്തതും എന്നാൽ പൂർണതയ്ക്ക് ആവശ്യവുമാണ് ആ കാര്യങ്ങൾ. വുദൂഇന്റെ സുന്നത്തു കൾ താഴെ പറയുന്നു.
1) വുദൂഅ് ഉണ്ടാക്കിത്തുടങ്ങുമ്പോൾ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ എന്ന് ചൊല്ലുക.
2) പല്ലു തേക്കുക.
നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

**لَوْلاَ أَنْ أَشُقَّ عَلَى أُمَّتِي لَأَمَرْتُهُمْ بِالسِّوَاكِ عِنْدَ كُلِّ وُضُوءٍ (مالك، الشافعي، البيهقي، حاكم)**

(എന്റെ സമുദായത്തിന് വിഷമമാകുമെന്ന് ബോധ്യമില്ലായിരുന്നുവെ ങ്കിൽ ഓരോ വുദൂഇന്റെ സന്ദർഭത്തിലും പല്ലുതേക്കാൻ ഞാൻ അവരോട് കല്പിക്കുമായിരുന്നു).
3) വുദൂഇന്റെ ആരംഭത്തിൽ രണ്ട് കൈപ്പടം മൂന്നുതവണ കഴുകുക. ഔസുബ്നുഥഖഫി (റ)പറയുന്നു.

**رَأَيْتُ رَسُولَ اللهِ ﷺ تَوَضَّأَ فَاسْتَوْكَفَ ثَلاَثًا (أحمد، النسائي)**

(റസൂൽ (സ) വുദൂഅ് ഉണ്ടാക്കുന്നതു ഞാൻ കണ്ടു. അദ്ദേഹം മൂന്നു തവണ കൈപ്പടം കഴുകി.)
4) കുലുക്കുഴിയുക. നബി(സ)പറഞ്ഞതായി ലഖീതുബ്നു സ്വബ്റ(റ) ഉദ്ധരിക്കുന്നു:

**إِذَا تَوَضَّأْتَ فَمَضْمِضْ (أبو داود، البيهقي)**

(നീ വുദൂഅ് ഉണ്ടാക്കുമ്പോൾ കുലുക്കുഴിയണം.)
5) മൂക്കിൽ വെള്ളം കയറ്റി ചീറ്റുക. നബി(സ) പറഞ്ഞതായി അബൂ ഹുറൈറ(റ) ഉദ്ധരിക്കുന്നു:

**إِذَا تَوَضَّأَ أَحَدُكُمْ فَلْيَجْعَلْ فِي أَنْفِهِ مَاءً ثُمَّ لِيَسْتَنْثِرْ (البخاري، مسلم، أبو داود)**

(നിങ്ങളിൽ ആർ വുദൂഅ് ഉണ്ടാക്കുമ്പോഴും അയാൾ മൂക്കിൽ വെള്ളം കയറ്റി ചീറ്റിക്കളയണം).
ഒരേ കൈക്കുടന്നയിലെ വെള്ളംകൊണ്ട് ഒന്നിച്ചാണ് കുലുക്കുഴിയലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും ചെയ്യേണ്ടത്. ഓരോന്നിനും വേറെവേറെ വെള്ളമെടുക്കേണ്ടതില്ല. അബ്ദുല്ലാഹിബ്നു സൈദ്(റ) ഉദ്ധരിക്കുന്നു:

**إِنَّ رَسُولَ اللهِ ﷺ تَمَضْمَضَ وَاسْتَنْشَقَ مِنْ كَفٍّ وَاحِدٍ فَعَلَ ذَلِكَ ثَلاَثًا (متفق عليه)**

(റസൂൽ(സ) ഒരേ കൈക്കുടന്നയിലെ വെള്ളംകൊണ്ട് കുലുക്കുഴിയു കയും മൂക്കിൽ വെള്ളം കയറ്റുകയും ചെയ്തു. അദ്ദേഹം അതു മൂന്നു തവണ ചെയ്തു.)
നോമ്പുകാരനല്ലെങ്കിൽ മൂക്കിൽ വെള്ളം കഴിയുന്നത്ര മേലോട്ട് വലി ക്കാവുന്നതാണ്. നബി(സ) അരുളിയതായി ലഖീത്(റ) പറയുന്നു:

**بَالِغْ فِي الْاِسْتِنْشَاقِ إِلَّا أَنْ تَكُونَ صَائِمًا (رواه الخمسة)**

(താങ്കൾ നോമ്പുകാരനല്ലെങ്കിൽ വെള്ളം മൂക്കിൽ കഴിയുന്നത്ര ഉള്ളി ലേക്ക് കയറ്റിക്കൊള്ളുക.)
6) താടിരോമങ്ങളുടെ ഉൾഭാഗം വിരലുകൾകൊണ്ട് ചീകിയകറ്റി വെള്ളം ചേർത്ത് കഴുകുക. ഉഥ്മാൻ(റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ كَانَ يُخَلِّلُ لِحْيَتَهُ (ابن ماجه، الترمذي)**

(നബി(സ) താടിരോമങ്ങൾക്കിടയിൽ ചീകിയകറ്റി കഴുകുമായിരുന്നു.)
7) വിരലുകൾക്കിടയിൽ വെള്ളം ചേർത്തുകഴുകുക. നബി(സ) പറഞ്ഞ തായി ഇബ്നുഅബ്ബാസ്(റ) ഉദ്ധരിക്കുന്നു:

**إِذَا تَوَضَّأْتَ فَخَلِّلْ أَصَابِعَ يَدَيْكَ وَرِجْلَيْكَ (أحمد، الترمذي، ابن ماجه)**

(നീ വുദൂഅ് ഉണ്ടാക്കുമ്പോൾ കൈ-കാൽ വിരലുകൾക്കിടയ്ക്ക് വെള്ളം ചേർത്ത് കഴുകുക.)
8) വുദൂഇന്റെ ഫർദുകളും സുന്നത്തുകളുമെല്ലാം മൂന്നുതവണ ആവർ ത്തിക്കുക. ഉഥ്മാൻ(റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ تَوَضَّأَ ثَلاَثًا ثَلاَثًا (أحمد، مسلم، الترمذي)**

(നബി(സ) വുദൂഅ് ഉണ്ടാക്കിയിരുന്നത് മുമ്മൂന്നു തവണ ആവർത്തി ച്ചുകൊണ്ടാണ്.)
9) വലത്തേത് ആദ്യം കഴുകുക. ആയിശ(റ) പറയുന്നു:

**كَانَ النَّبِيُّ ﷺ يُحِبُّ التَّيَامُنَ فِي تَنَعُّلِهِ وَتَرَجُّلِهِ وَطُهُورِهِ وَفِي شَأْنِهِ كُلِّهِ (متفق عليه)**

(ചെരിപ്പണിയുന്നതിൽ, മുടിചീകുന്നതിൽ, ശുദ്ധിയാക്കുന്നതിൽ, അങ്ങ നെ തന്റെ എല്ലാ കാര്യത്തിലും നബി(സ) വലത്തേത് ആദ്യം ചെയ്യാനാണ് ഇഷ്ടപ്പെട്ടിരുന്നത്.)
നബി (സ) പറഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു:

**إِذَا لَبِسْتُمْ وَإِذَا تَوَضَّأْتُمْ فَابْدَؤُوا بِأَيْمَانِكُمْ (أحمد، أبو داود، الترمذي، النسائي)**

(നിങ്ങൾ വസ്ത്രം അണിയുമ്പോഴും വുദൂഅ് ഉണ്ടാക്കുമ്പോഴും നിങ്ങ ളുടെ വലതുഭാഗം കൊണ്ട് ആരംഭിക്കുക.)

10) തേച്ചുകഴുകുക. അബ്ദുല്ലാഹിബ്നു സൈദ് പറയുന്നു:

إِنَّ النبيَّ ﷺ أُتِيَ بِثُلُثِ مُدّ فتوَضَّأَ فَجَعَلَ يُدْلِكُ ذِرَاعَيْهِ (ابن خزيمة)

(നബി(സ)യുടെ അടുത്ത് ഒരു മുദ്ദിന്റെ 1/3 ഭാഗം വരുന്ന വെള്ളം കൊണ്ടുവന്നു. നബി(സ) അതുപയോഗിച്ച് വുദൂഅ് ഉണ്ടാക്കി. അദ്ദേഹം ഇരു കൈത്തണ്ടും തേച്ചുകഴുകിത്തുടങ്ങി.)

11) ഓരോ കർമവും ഇടയ്ക്ക് സമയദൈർഘ്യം വരാതെയും, മറ്റു കാര്യങ്ങളിൽ ഏർപ്പെടാതെയും ഉടനുടനെ ചെയ്യുക.

12) ചെവി രണ്ടും തടവുക. ചെവിയുടെ ഉൾഭാഗം ചൂണ്ടുവിരൽ കൊണ്ടും പുറം പെരുവിരൽകൊണ്ടുമാണ് തടവേണ്ടത്. തലതടവാൻ എടുത്ത അതേ വെള്ളംകൊണ്ട് തന്നെ ഒറ്റത്തവണയായി തലയും ചെവിയും ഒന്നിച്ച് തടവിയതായാണ് ഹദീഥിലുള്ളത്. മിഖ്ദാമുബ്നു മഅ്ദീകരിബ്(റ) പറയുന്നു:

إِنَّ رَسُولَ اللهِ ﷺ مَسَحَ فِي وُضُوئِهِ رَأْسَهُ وَأُذُنَيْهِ ظَاهِرَهُمَا وَبَاطِنَهُمَا وَأَدْخَلَ إِصْبَعَهُ صَمَاخَيْ أُذُنَيْهِ (أبو داود)

(വുദൂഅ് ചെയ്തപ്പോൾ റസൂൽ(സ) തലയും ചെവി രണ്ടും അവയുടെ ഉള്ളും പുറവും തടവി. അദ്ദേഹം കൈവിരൽ രണ്ടുചെവിയുടെയും ദ്വാര ത്തിൽ കടത്തുകയും ചെയ്തു.)

13) മുഖവും കൈകാലുകളും നിശ്ചിതാതിർത്തികൾക്കപ്പുറം അല്പം കയ റ്റിക്കഴുകുക. നബി(സ) പറഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു:

إِنَّ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ غُرًّا مُحَجَّلِينَ مِنْ آثَارِ الْوُضُوءِ فَقَالَ أَبُو هُرَيْرَة : فَمَنْ اِسْتَطَاعَ مِنْكُمْ أَنْ يُطِيلَ غُرَّتَهُ فَلْيَفْعَلْ (أحمد والشيخان)

(എന്റെ സമൂഹം മുഖവും കൈ കാലുകളും തിളക്കമുള്ളവരായാണ് അന്ത്യനാളിൽ വരിക. വുദൂഅ് ചെയ്തതിന്റെ അടയാളം കാരണമായാണത്. അബൂഹുറൈറ(റ) പറഞ്ഞു: അതിനാൽ നിങ്ങളിൽ മുഖം നീട്ടിക്കഴുകാൻ കഴിയുന്നവർ അങ്ങനെ ചെയ്യട്ടെ).

14) വുദൂഇന് ശേഷം പ്രാർഥിക്കുക.

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ. اللّٰهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ.

എന്നീ പ്രാർഥനകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

വുദൂഅ് ചെയ്തുകഴിഞ്ഞാൽ രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്ന ത്താണ്. വുദൂവിൽ വെള്ളം അനാവശ്യമായി ഉപയോഗിക്കുന്നതും മൂന്നിൽ കൂടുതൽ തവണ അവയവങ്ങൾ കഴുകുന്നതും നന്നല്ല. ധാരാളിത്തം ഏതുരംഗത്തും അനഭികാമ്യമാണല്ലോ. മുഖത്തും കൈകാലുകളിലുമുള്ള ചുളിവു കൾ, പീളക്കുഴി ആദിയായവ ശ്രദ്ധിച്ചു കഴുകുക, മോതിരം അണിഞ്ഞിട്ടു ണ്ടെങ്കിൽ അത് ഇളക്കി ഉള്ളിൽ വെള്ളം കടത്തുക എന്നിവയും വുദൂഇലും കുളിയിലും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

സുന്നത്തുകൾ പ്രവർത്തിച്ചില്ലെങ്കിലും വുദൂഉം കുളിയും സാധുവാ കുമെങ്കിലും അത് അപൂർണതയ്ക്കു കാരണമാണ്. അതിനാൽ പരമാവധി സുന്നത്തുകൾകൂടി ചെയ്യുന്നതാണ് നല്ലത്.

## വുദൂവിന് ഭംഗം വരുത്തുന്ന കാര്യങ്ങൾ: (نَوَاقِضُ الْوُضُوء)

ചിലസന്ദർഭങ്ങളിൽ വുദൂവിന് ഭംഗം നേരിടും. പിന്നെ വീണ്ടും വുദൂഅ് ചെയ്തേ നമസ്കാരം പോലെ വുദൂഅ് നിർബന്ധമുള്ള കാര്യങ്ങൾ ചെയ്യാൻ പറ്റൂ. അവ താഴെ:

1. **മലമൂത്ര വിസർജന ദ്വാരങ്ങളിലൂടെ വല്ലതും പുറത്തുവരിക:** മലം, മൂത്രം, വായു, വിര, ഇന്ദ്രിയം, മദ്‌യ്, വദ്‌യ്, കഫം, രക്തം ഇങ്ങനെ എന്തു തന്നെ പുറത്തുവന്നാലും അതോടെ വുദൂഅ് നഷ്ടമാവും. എന്നാൽ ഇന്ദ്രിയസ്ഖലനം കൊണ്ട് കുളി നിർബന്ധമാണെങ്കിലും വുദൂഅ് നഷ്ടപ്പെടുകയില്ലെന്നാണ് ശാഫിഈ മദ്ഹബിലെ അഭിപ്രായം.

أَوْ جَاءَ أَحَدٌ مِنْكُمْ مِنَ الْغَائِطِ (المائدة ٦)

(നിങ്ങളിൽ ആരെങ്കിലും വിസർജനം കഴിഞ്ഞ് വന്നാൽ) എന്ന ഖുർ ആൻ വാക്യം മല-മൂത്ര വിസർജനത്തെ കുറിക്കുന്നതാണ്.

നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

لاَ يَقْبَلُ اللّٰهُ صَلاَةَ أَحَدِكُمْ إِذَا أَحْدَثَ حَتَّى يَتَوَضَّأَ فَقَالَ رَجُلٌ مِنْ حَضَرَمَوْتَ : مَا الْحَدَثُ يَا أَبَا هُرَيْرَة : قَالَ فُسَاءٌ أَوْ ضُرَاطٌ (متفق عليه)

(നിങ്ങളിൽ ആർക്കെങ്കിലും 'ഹദഥു'ണ്ടായാൽ അയാൾ വുദൂഅ് ഉണ്ടാക്കിയല്ലാതെ അല്ലാഹു അയാളുടെ നമസ്കാരം സ്വീകരിക്കുകയില്ല. അപ്പോൾ ഹദർമൗത് നിവാസിയായ ഒരാൾ ചോദിച്ചു: അബൂഹുറൈറ, എന്താണ് 'ഹദഥ്'? അബൂഹുറൈറ(റ) പറഞ്ഞു: ശബ്ദത്തോടുകൂടി യതും അല്ലാത്തതുമായ കീഴ്‌വായു.)

വദ്‌യ്, മദ്‌യ് എന്നിവ സംബന്ധിച്ച് വന്ന ഹദീസുകൾ മാലിന്യങ്ങളെ സംബന്ധിച്ച് വിവരിച്ചപ്പോൾ ഉദ്ധരിച്ചിട്ടുണ്ടല്ലോ.

2. **ബോധം നഷ്ടപ്പെടുക:** ഉറക്കം, മോഹാലസ്യം, ഭ്രാന്ത് തുടങ്ങി ഏതു കാരണത്താലുമാവാം അത്. ബോധനഷ്ടം വുദൂഇന് ഭംഗം വരാൻ കാരണമായിത്തീരുന്നത്, അധോവായുവോ മറ്റോ പുറത്തുവരാൻ അത് ഇടവരുത്തുന്നതുകൊണ്ടാണ്. എന്നാൽ അതിനു സാധ്യതയില്ലാത്ത വിധം ഒരാൾ ആസനം അമർത്തിയിരുന്നുറങ്ങിയാൽ അയാളുടെ വുദൂഅ് നഷ്ടപ്പെടുകയില്ല. അനസ്(റ) പറയുന്നു:

كَانَ أَصْحَابُ رَسُولِ ﷺ يَنْتَظِرُونَ الْعِشَاءَ الآخِرَةَ حَتَى تَخْفِقُ رُؤُسُهُمْ ثُمَّ يُصَلُّونَ وَلاَ يَتَوَضَّؤُونَ (الشافعي، مسلم، أبو داود،

الترمذي)

(റസൂലി(സ)ന്റെ സഹാബിമാർ അവസാനത്തെ ഇശാഅ് പ്രതീക്ഷിച്ചി രിക്കുമായിരുന്നു. ഉറക്കം കാരണം അവരുടെ തല ആടിക്കൊണ്ടിരിക്കും. അതിനുശേഷം അവർ നമസ്കരിച്ചിരുന്നു. വുദൂഅ് ഉണ്ടാക്കിയിരുന്നുമില്ല.)

3. **ജനനേന്ദ്രിയം തൊടുക.** കൈപ്പത്തിയുടെ ഉൾഭാഗംകൊണ്ട് വസ്ത്ര ത്തിന്റെയോ മറ്റോ മറയില്ലാതെ തൊട്ടാലാണ് വുദൂഅ് മുറിയുക. നബി(സ) പറഞ്ഞതായി യുസ്റബിൻതു സഫ്‌വാൻ ഉദ്ധരിക്കുന്നു:

**مَنْ مَسَّ ذَكَرُهُ فَلاَ يُصَلِّي حَتَي يَتَوَضَّأَ (رواه الخمسة)**

(ആരെങ്കിലും തന്റെ ലിംഗം തൊട്ടാൽ വുദൂഅ് ഉണ്ടാക്കിയല്ലാതെ നമസ്കരിക്കരുത്.)

**أَيُّمَا رَجُلٍ مَسَّ فَرْجَهُ فَلْيَتَوَضَّأْ وَ أَيُّمَا امْرَأَةٍ مَسَّتْ فَرْجَهَا فَلْتَتَوَضَّأْ**

(പുരുഷൻ അവന്റെ ജനനേന്ദ്രിയം തൊട്ടാൽ വുദൂഅ് ഉണ്ടാക്കണം. സ്ത്രീ അവളുടെ ജനനേന്ദ്രിയം തൊട്ടാൽ വുദൂഅ് ഉണ്ടാക്കണം.) എന്ന് ഇമാം അഹ്മദും ഉദ്ധരിച്ചിട്ടുണ്ട്.

4. **സ്ത്രീ-പുരുഷൻമാരുടെ ചർമ്മം തമ്മിൽ തൊടുക:** വിവാഹ ബന്ധം നിഷിദ്ധമല്ലാത്ത അന്യസ്ത്രീ പുരുഷൻമാർ തമ്മിൽ തൊട്ടാലാണിത്. മാതാവ്, മകൾ, സഹോദരി തുടങ്ങിയവരെ തൊട്ടാൽ വുദൂഇന് ഭംഗം വരികയില്ല.

**أَوْ لاَمَسْتُمُ النِّسَاءَ (المائدة : ٦)**

(അഥവാ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചാൽ) എന്ന് ഖുർആൻ പറ യുന്നു.

എന്നാൽ ഹദീഥുകളിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത് ഭാര്യാ-ഭർത്താ ക്കൻമാർ പരസ്പരം തൊടുന്നതു വുദൂഅ് നഷ്ടപ്പെടാൻ കാരണമാവുക യില്ലെന്നാണ്. ആയിശ (റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ قَبَّلَ بَعْضَ نِسَائِهِ ثُمَّ خَرَجَ إِلَى الصَّلاَةِ وَلَمْ يَتَوَضَّأْ (رواه أحمد والأربعة)**

(നബി (സ) ഒരു ഭാര്യയെ ചുംബിച്ചു. പിന്നെ വുദൂഅ് ഉണ്ടാക്കാതെ നമസ്കരിക്കാൻ പോയി.)

താഴെ പറയുന്ന കാര്യങ്ങൾ വുദൂഅ് നഷ്ടപ്പെടാൻ കാരണമാവുക യില്ല.:

1. മലമൂത്ര വിസർജന ദ്വാരങ്ങളിൽ കൂടിയല്ലാതെ മറ്റ് ഭാഗങ്ങളിൽക്കൂടി യോ കുരു, പരു എന്നിവയിലൂടെയോ രക്തം, ചലം മുതലായവ ഒഴുകുക. അതു കുറച്ചോ കൂടുതലോ എന്നതു പ്രശ്നമല്ല. മുറിവുകളിൽക്കൂടി രക്തം ഒഴുകിക്കൊണ്ടിരിക്കേ സ്വഹാബിമാർ നമസ്കരിക്കുമായിരുന്നു. ഉമറി(റ)നെ സംബന്ധിച്ച് ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നു:

**وَصَلَّى عُمَرُ بْنُ الْخَطَابِ رَضِيَ اللَّهُ عَنْهُ وَجُرُحُهُ يَثْعَبُ دَمًا ( أبو داود، ابن خزيمة)**

(മുറിവിൽനിന്ന് രക്തം ഒഴുകിക്കൊണ്ടിരിക്കേ ഉമർ (റ) നമസ്കരിച്ചി രുന്നു.)

2. ഛർദ്ദിക്കുക: അല്പമായാലും കൂടുതലായാലും ഛർദ്ദി മൂലം വുദൂഅ് മുറിയുമെന്നതിന് തെളിവില്ല.

3. ഒട്ടകമാംസം തിന്നുക: ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെടു ന്നത് ഒട്ടകമാംസം തിന്നുന്നത് വുദൂഅ് നഷ്ടപ്പെടാൻ കാരണമാവുകയില്ല എന്നാണ്. അതുകൊണ്ടുതന്നെ ഒട്ടകമാംസം തിന്നാൽ വുദൂഅ് നിർബന്ധ മാവുന്നില്ല.

4. വുദൂഅ് നഷ്ടപ്പെട്ടുവോ എന്ന് സംശയിക്കൽ: വുദൂഅ് നഷ്ടപ്പെട്ടു എന്ന് തീർച്ചയുള്ളപ്പോഴേ വീണ്ടും വുദൂഅ് ഉണ്ടാക്കൽ നിർബന്ധമുള്ളൂ. നബി(സ) പറഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു:

**إِذَا وَجَدَ أَحَدُكُمْ فِي نَفْسِهِ شَيْئًا فَأَشْكَلَ عَلَيْهِ أَخَرَجَ مِنْهُ شَيْءٌ أَمْ لاَ، فَلاَ يَخْرُجُ مِنَ الْمَسْجِدِ حَتَّى يَسْمَعَ صَوْتًا أَوْ يَجِدَ رِيحًا (مسلم، أبو داود، الترمذي)**

(നിങ്ങളിൽ ആർക്കെങ്കിലും വയറ്റിൽ വിഷമം വല്ലതും അനുഭവപ്പെടു കയും വല്ലതും പുറത്തുപോയോ, ഇല്ലേ എന്ന് സംശയം തോന്നുകയും ചെയ്താൽ ശബ്ദം കേൾക്കുകയോ, മണം അനുഭവപ്പെടുകയോ ചെയ്യും വരെ അവർ പള്ളിയിൽനിന്ന് പുറത്തു പോവേണ്ടതില്ല.)

## ഖുഫ്ഫ് (ബൂട്സ്) തടവൽ

ഖുഫ്ഫ് തുടങ്ങിയ പാദരക്ഷകൾ ധരിക്കുന്നവർ വുദൂഇന്റെ ഭാഗമായി കാൽ കഴുകുന്നതിനു പകരം അത് തടവിയാൽ മതി. പാദം മുഴുവൻ മൂടു ന്നതും തോൽ കൊണ്ടോ കട്ടിയുള്ള ശീലകൊണ്ടോ ഉണ്ടാക്കുന്നതുമായ ഉൾപാദരക്ഷയാണ് 'ഖുഫ്ഫ'.

ജരീറുബ്നു അബ്ദില്ല(റ)യിൽനിന്ന് ഉദ്ധരിക്കപ്പെടുന്നു:

**رَأَيْتُ رَسُولَ اللَّهِ ﷺ بَالَ ثُمَّ تَوَضَّأَ وَمَسَحَ عَلَى خُفَّيْهِ (أحمد، الشيخان، أبو داود، الترمذي)**

(റസൂൽ (സ) മൂത്രിച്ചശേഷം വുദൂഅ് ഉണ്ടാക്കി ഖുഫ്ഫ് തടവുന്നത് ഞാൻ കണ്ടിട്ടുണ്ട്.)

ഖുഫ്ഫ് പോലെത്തന്നെയാണ് മേൽജോഡി (സോക്സ്). വുദൂഇന് ശേഷമാവണം ധരിക്കുന്നത് എന്നതു ഖുഫ്ഫ തടവൽ അനുവദനീയ മാവാനുള്ള ഉപാധിയാണ്. മുഗീറത്തുബ്നു ശുഅ്ബ(റ) പറയുന്നു

**كُنْتُ مَعَ النَّبِي ﷺ ذَاتَ لَيْلَةٍ فِي مَسِيرٍ فَأَفْرَغْتُ عَلَيْهِ مِنَ الْإِدَاوَةِ فَغَسَلَ وَجْهَهُ وَذِرَاعَيْهِ وَمَسَحَ بِرَأْسِهِ ثُمَّ أَهْوَيْتُ لِأَنْزِعَ خُفَّيْهِ فَقَالَ دَعْهُمَا فَإِنِّي أَدْخَلْتُهُمَا طَاهِرَتَيْنِ فَمَسَحَ عَلَيْهِمَا (أحمد، البخاري، مسلم)**

(ഒരു യാത്രയിൽ ഒരു രാത്രി ഞാൻ നബി(സ്വ)യോടൊന്നിച്ചുണ്ടായിരു ന്നു. ഞാൻ ഒരു പാത്രത്തിൽനിന്ന് നബി(സ)ക്ക് വെള്ളം ഒഴിച്ചു കൊടുത്തു. അദ്ദേഹം മുഖവും കൈകളും കഴുകി. തല തടവുകയും ചെയ്തു. പിന്നെ ഞാൻ അദ്ദേഹത്തിന്റെ ബൂട്ട്സ് അഴിക്കാൻ കുനിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: അതു വിട്ടേക്കുക. ഞാൻ ശുദ്ധിയുള്ള അവസ്ഥയിലാണ് അത് അണിഞ്ഞിരിക്കുന്നത്. തുടർന്ന് അദ്ദേഹം അത് രണ്ടിന്മേലും തടവി.)

## തടവേണ്ട സ്ഥലം:

ബൂട്ട്സ് തുടങ്ങിയവയുടെ പുറംഭാഗമാണ് തടവേണ്ടത്. മുഗീറ (റ) പറയുന്നു.

رَأَيْتُ رَسُولَ اللهِ ﷺ يَمْسَحُ عَلَى ظَاهِرِ الْخُفَّيْنِ (أحمد، أبوداود، الترمذي)

(റസൂൽ (സ) ബൂട്ട്സിന്റെ പുറംഭാഗം തടവുന്നതായി ഞാൻ കണ്ടു.)

## കാലാവധി

സ്വദേശിക്ക് ഒരു ദിവസവും യാത്രക്കാരന് മൂന്നു ദിവസവുമാണ് തുടർച്ചയായി ബൂട്ട്സ് മുതലായവ തടവാൻ അനുവദിച്ച പരമാവധി കാലം. അവധി കഴിഞ്ഞാൽ അത് അഴിച്ചു വുദൂഅ് ഉണ്ടാക്കി അണിഞ്ഞ് വേണം വീണ്ടും തടവാൻ. സഫ്‌വാനുബ്നു അസ്സാൽ (റ) പറയുന്നു:

أُمِرْنَـا أَنْ نَـمْسَحَ عَلَى الْخُفَيْنِ إِذَا نَحْنُ أَدْخَلْنَاهَا عَلَى طَـاهِـرٍ ثَلاثًـا إِذَا سَـافَـرْنَا وَيَوْمًا وَلَيْلَةً إِذَا أَقَمْنَا وَلاَ نَخْلَعُهُمَا إِلاَّ مِنْ جَنَابَةٍ

(الشافعي، أحمد، إبن خزيمة، الترمذي)

(വുദൂഅ് ഉണ്ടാക്കിയശേഷമാണ് ഖുഫ്ഫ് അണിഞ്ഞിട്ടുള്ളതെങ്കിൽ യാത്രക്കാരെങ്കിൽ മൂന്ന് ദിവസവും, നാട്ടിൽ വസിക്കുന്നവരെങ്കിൽ ഒരു രാവും പകലും അത് തടവിക്കൊള്ളാൻ ഞങ്ങൾക്ക് നിർദ്ദേശമുണ്ടായി രുന്നു. ജനാബത്തുണ്ടെങ്കിലേ അതു അഴിക്കേണ്ടതുള്ളൂ എന്നും.)

താഴെ കാര്യങ്ങളിൽ വല്ലതും സംഭവിച്ചാൽ ബൂട്ട്സ് അഥവാ സോക്സ് അഴിച്ച് വീണ്ടും വുദൂഅ് ഉണ്ടാക്കണം.

1. കാലാവധി അവസാനിക്കുക. 2. കുളി നിർബന്ധമാവുക.

3. ഖുഫ്ഫ അഴിക്കുക. വുദൂഅ് ഉള്ള ആൾ കാലാവധിക്കു ശേഷമാണ് അത് അഴിച്ചതെങ്കിൽ മറ്റ് അവയവങ്ങൾ കഴുകണമെന്നില്ല. കാൽ മാത്രം കഴുകി ഉറ അണിഞ്ഞാൽ മതി. കാലവധിക്കുള്ളിൽ ഊരിയെടുത്ത ആളും അയാൾക്ക് വുദൂഅ് ഉണ്ടെങ്കിൽ കാൽ കഴുകിയാൽ മതി.

## 7. കുളി (الغسل)

ശുദ്ധീകരണത്തിന്റെ പൂർണരൂപമാണു കുളി. കുളിച്ച് ശരീരം ശുദ്ധിയാ ക്കുന്നതിന് ഇസ്‌ലാം വലിയ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഖുർആൻ പറ യുന്നു.

إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ (البقرة : ٢٢٢)

(നിശ്ചയം, ധാരാളമായി പശ്ചാത്തപിക്കുന്നവരെയും ശരീരശുദ്ധി വരുത്തുന്നവരെയും അല്ലാഹു ഇഷ്ടപ്പെടുന്നു.)

## നിർബന്ധ ഘടകങ്ങൾ

ശരീരം മുഴുവൻ നനയും വിധം ശരീരത്തിൽ വെള്ളം ഒഴുക്കുകയാണ് കുളിയുടെ രൂപം. കുളി ശരിയാവാൻ രണ്ട് കാര്യങ്ങൾ ആവശ്യമാണ്.

1. **നിയ്യത്ത്** (കുളിക്കുന്നുവെന്ന് കരുതൽ). ഏതു കാരണത്താലാണോ കുളി നിർബന്ധമായതു അതുമായി ബന്ധപ്പെട്ട് കുളിക്കുന്നുവെന്നോ അതി നാൽ ഹറാമായ കാര്യം ഹലാലാവാൻ കുളിക്കുന്നുവെന്നോ കരുതാവുന്ന താണ്.

2. **ശരീരം മുഴുവൻ വെള്ളം ഒഴിക്കുക.** തലമുടിയും പാദങ്ങളുമടക്കം ശരീരം മുഴുവൻ നനയണം. ഖുർആൻ പറയുന്നു:

وَإِنْ كُنتُمْ جُنُبًا فَاطَّهَّرُوا. (المائدة ٦)

(നിങ്ങൾ ജനാബത്തുള്ളവരെങ്കിൽ ശുദ്ധിയാവുക.)

وَلاَ جُنُبًا إِلاَّ عَابِرِي سَبِيلٍ حَتَّى تَغْتَسِلُوا (النساء : ٤٣)

(ജനാബത്തുകാരായിരിക്കുമ്പോഴും – വഴി കടന്നുപോകുന്നവരൊഴി കെ – കുളിച്ചല്ലാതെ നമസ്കരിക്കരുത്).

وَيَسْئَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ وَلاَ تَقْرَبُوهُنَّ حَتَى يَطْهُرْنَ (البقرة : ٢٢٢)

(ആർത്തവഘട്ടത്തെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറ യുക: അതൊരു വിഷമഘട്ടമാണ്. അതിനാൽ ആർത്തവകാലത്ത് നിങ്ങൾ സ്ത്രീകളുമായി അകന്നു നില്ക്കുക. അതായത് അവർ ശുദ്ധിയാവും വരെ അവരെ (ലൈംഗികബന്ധത്തിനായി) സമീപിക്കാതിരിക്കുക.)

## കുളിയുടെ സുന്നത്തുകൾ:

കുളിയുമായി ബന്ധപ്പെട്ട് ചില സുന്നത്തുകളുണ്ട്. അവകൂടി ചെയ്തെ ങ്കിലേ കുളി പൂർണരൂപമാവുകയുള്ളൂ. ആ സുന്നത്തുകൾ താഴെ:

1. വെള്ളം കോരിയൊഴിച്ചു കുളിക്കുമ്പോൾ ആദ്യം കൈപ്പടം രണ്ടും മൂന്നുതവണ കഴുകുക. 2. പിന്നെ ജനനേന്ദ്രിയം കഴുകുക. 3. തുടർന്ന് നമ സ്കാരത്തിനെന്നപോലെ വുദൂഅ് ഉണ്ടാക്കുക. കാൽ കഴുകുന്നതു കുളിയു ടെ അവസാനത്തിലേക്ക് മാറ്റിവെക്കാവുന്നതാണ്. 4. പിന്നെ തലയിൽ വെള്ളമൊഴിച്ച് മുടിയുടെ ഉള്ളിൽ വെള്ളം ചേരുംവിധം മുടി കൈകൊണ്ട് ചീകി മൂന്നുതവണ കഴുകുക. 5. പിന്നെ ആദ്യം വലതുഭാഗവും ശേഷം ഇടതുഭാഗവുമായി ശരീരം മുഴുവൻ മൂന്നുതവണ വെള്ളം ഒഴിക്കുക. കക്ഷം, വിരൽമടക്കുകൾ, ചെവിയുടെ ഉള്ള്, പൊക്കിൾ തുടങ്ങി ശരീര ത്തിലെ മടക്കുകളും ചുളിവുകളും വെള്ളം ചേർത്ത് ശ്രദ്ധിച്ച് കഴുകണം. ആയിശ (റ) പറയുന്നു:

إِنَّ النَّبِيَّ ﷺ كَانَ إِذَا اغْتَسَلَ مِنَ الْجَنَابَةِ يَبْدَأُ فَيَغْسِلُ يَدَيْهِ ثُمَّ يُفْرِغُ بِيَمِينِهِ عَلَى شِمَالِهِ فَيَغْسِلُ فَرْجَهُ ثُمَّ يَتَوَضَّأُ وُضُوئَهُ لِلصَّلاَةِ ثُمَّ يَأْخُذُ الْمَاءَ يُدْخِلُ أَصَابِعَهُ فِي أُصُولِ الشَّعْرِ حَتَّى إِذَا رَأَى أَنَّهُ قَدْ اِسْتَبْرَأَ جَفَنَ عَلَى رَأْسِهِ ثَلاَثَ حَثَيَاتٍ ثُمَّ أَفَاضَ عَلَى سَائِرِ جَسَدِهِ

(البخاري، مسلم)

(ജനാബത്ത് കാരണമായി കുളിക്കുമ്പോൾ നബി(സ) തുടങ്ങുക ഇപ്രകാരമാണ്: ആദ്യം രണ്ട് കൈ കഴുകും. പിന്നെ വലതുകൈ കൊണ്ട് ഇടതു കൈയിൽ വെള്ളം ഒഴിക്കും. എന്നിട്ട് ജനനേന്ദ്രിയം കഴുകും. പിന്നെ നമസ്കാരത്തിനെന്നപോലെ വുദൂഅ് ഉണ്ടാക്കും. പിന്നെ വെള്ളമെടുത്ത് കൈവിരലുകൾ മുടിക്കുള്ളിൽ കടത്തും. മുടിയിലെല്ലാം വെള്ളം എത്തി ക്കഴിഞ്ഞു എന്ന് ബോധ്യമായാൽ തലയിൽ മൂന്നുതവണ വെള്ളം ഒഴിക്കും. പിന്നെ ശരീരം മുഴുവൻ വെള്ളം ഒഴിക്കും.)

സ്ത്രീകൾ കുളിക്കുമ്പോൾ മുടിക്കുള്ളിൽ വെള്ളം ചേരുമെങ്കിൽ മെടഞ്ഞ മുടി അഴിച്ചിടണമെന്നില്ല. ഉമ്മു സലമ(റ) പറയുന്നു:

إِنَّ امْرَأَةً قَالَتْ: يَارَسُولَ اللّٰهِ إِنِّي امْرَأَةٌ أَشُدُّ ضُفْرَ رَأْسِي أَفَأَنْقِضُهُ لِلْجَنَابَةِ؟ قَالَ: إِنَّمَا يَكْفِيكَ أَنْ تَحْثِي عَلَيْهِ ثَلاثَ حَثَيَاتٍ مِنْ مَاءٍ ثُمَّ تُفِيضِي عَلَى سَائِرِ جَسَدِكَ فَإِذَا أَنْتِ قَدْ طَهُرْتِ (أحمد، مسلم، الترمذي)

(ഒരു സ്ത്രീ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, തല മെടഞ്ഞുകെട്ടിയി ടുന്നവളാണ് ഞാൻ. ജനാബത്തു കാരണം ഞാനത് അഴിക്കേണ്ടതുണ്ടോ? നബി(സ) പറഞ്ഞു: നീ അതിൽ മൂന്ന് കൈക്കുടന്ന വെള്ളം ഒഴിച്ചാൽ മതി യാവും. പിന്നെ ശരീരം മുഴുവൻ വെള്ളം ഒഴിക്കുക. എങ്കിൽ നീ ശുദ്ധി യായി.)

കുളിക്കു മുമ്പ് വുദൂഅ് ഉണ്ടാക്കിയാലും ഇല്ലെങ്കിലും കുളി കഴിഞ്ഞ് വുദൂഅ് ഉണ്ടാക്കണമെന്നില്ല. കാരണം വലിയ അശുദ്ധി നീങ്ങുന്നതോടു കൂടി ചെറിയ അശുദ്ധിയും നീങ്ങും.

അന്യർ കാണും വിധം നഗ്നത പ്രദർശിപ്പിക്കുന്നത് എവിടെവെച്ചുമെന്ന പോലെ കുളിക്കുമ്പോഴും നിഷിദ്ധമാകുന്നു.
മറ്റുള്ളവർ കുളിക്കുന്നിടത്ത് അവർ നഗ്നത മറച്ചിട്ടുണ്ടെങ്കിൽ കടന്നുചെല്ലുന്നതിന് വിരോധമില്ല. അല്ലെ ങ്കിൽ ചെല്ലരുത്. കുളി കഴിഞ്ഞാൽ ശരീരം തോർത്തുന്നത് തെറ്റല്ല. പുരു ഷൻ കുളിച്ച മിച്ചജലം കൊണ്ട് സ്ത്രീക്കും, മറിച്ചും കുളിക്കാവുന്നതാണ്.

## കുളി നിർബന്ധമാവുന്ന കാരണങ്ങൾ

1. ഇന്ദ്രിയം സ്ഖലിക്കുക. അത് ഉറക്കിലോ ഉണർച്ചയിലോ എന്ന വ്യത്യാസമില്ല. ഉമ്മുസുലൈം(റ) ചോദിച്ചു:

يَا رَسُولَ اللّٰهِ إِنَّ اللّٰهَ لا يَسْتَحِي مِنَ الْحَقِ فَهَلْ عَلَى الْمَرْأَةِ غَسْلٌ إِذَا احْتَلَمَتْ ؟ قَالَ : نَعَمْ إِذَا رَأَتِ الْمَاءَ (متفق عليه)

(അല്ലാഹുവിന്റെ ദൂതരേ, വസ്തുത വ്യക്തമാക്കുന്ന കാര്യത്തിൽ അല്ലാഹു നാണിക്കാറില്ലല്ലോ. സ്ത്രീയ്ക്ക് സ്വപ്നസ്ഖലനമുണ്ടായാൽ അവൾ കുളിക്കേണ്ടതുണ്ടോ? നബി(സ) പറഞ്ഞു: അതെ, അവൾ വെള്ളം കണ്ടാൽ.)

2. സ്ത്രീപുരുഷ സംയോഗം. ലിംഗാഗ്രം പൂർണമായും യോനിയിൽ കടന്നാൽ സംയോഗമായി. ഇതുമൂലം ഇന്ദ്രിയം സ്ഖലിച്ചിട്ടില്ലെങ്കിലും കുളി നിർബന്ധമാകും. ഖുർആൻ പറയുന്നു:

وَإِنْ كُنْتُمْ جُنُبًا فَاطَّهَّرُوا (المائدة : ٦)

(നിങ്ങൾ ജനാബത്തുള്ളവരെങ്കിൽ ശുദ്ധിയാവുക)

وَلاَ جُنُبًا إِلَّا عَابِرِي سَبِيلٍ حَتَى تَغْتَسِلُوا (النساء ٤٣)

(ജനാബത്തുകാരെങ്കിൽ - വഴി കടന്നുപോകുന്നവരായല്ലാതെ - കുളിക്കും വരെ നിങ്ങൾ നമസ്കരിക്കരുത്.)

സംയോഗത്തിലേർപ്പെടുന്ന പുരുഷനും സ്ത്രീക്കും കുളി നിർബന്ധ മാകുന്നു. എന്നാൽ അബോധാവസ്ഥയിലായിരിക്കെയോ, ബലാൽസംഗ ത്തിനിരയായിട്ടോ ആണ് സ്ത്രീ സംയോഗത്തിന് വിധേയയാകുന്നതെ ങ്കിൽ അവൾക്കു കുളി നിർബന്ധമില്ലെന്നഭിപ്രായമുണ്ട്.

3. പ്രസവം: പ്രസവിച്ചാൽ കുളി നിർബന്ധമായി. പ്രസവം കഴിഞ്ഞ് രക്തസ്രാവം നിലച്ചശേഷം കുളിച്ചാലേ നമസ്കാരവും മറ്റും അനുവദനീയ മാവുകയുള്ളൂ.

4. ആർത്തവം: ഓരോ തവണയും ആർത്തവം നിലച്ചാൽ കുളി നിർബ ന്ധമാണ്. ഖുർആൻ പറയുന്നു:

وَلا تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللّٰهُ (البقرة ٢٢٢)

(ആർത്തവമുള്ളപ്പോൾ അവർ ശുദ്ധിയാകും വരെ നിങ്ങൾ അവരെ സമീപിക്കരുത്. അവർ ശുദ്ധി വരുത്തിയാൽ പിന്നെ അല്ലാഹു നിർദ്ദേശിച്ച തിൻപടി നിങ്ങൾ അവരെ സമീപിച്ചുകൊള്ളുക.)

ഫാത്വിമാബിൻതു അബീഹുബൈശിനോട് നബി(സ) പറഞ്ഞു:

دَعِي الصَّلاَةَ قَدْرَ الْأَيَّامِ الَّتِي كُنْتِ تَحِيضِينَ فِيهَا ثُمَّ اغْتَسِلِي وَ صَلِّي

(നിനക്ക് സാധാരണ ആർത്തവമുണ്ടാവുന്ന നാളുകളുടെ കണക്കിൽ നീ നമസ്കാരം ഉപേക്ഷിക്കുക. പിന്നെ കുളിച്ച് നമസ്കരിക്കുക).

5. മരണം: മയ്യിത്തിനെ കുളിപ്പിക്കൽ മയ്യിത്ത് കിടക്കുന്ന പ്രദേശത്തെ മുസ്‌ലിംകളുടെ സമൂഹബാധ്യത (فرض كفاية) യാണ്.

കുളി നിർബന്ധമുള്ള ആൾ കുളിക്കും വരെ നമസ്കരിക്കുന്നതും طـــــواف (കഅ്ബ പ്രദക്ഷിണം) ചെയ്യുന്നതും മുസ്ഹഫ് തൊടുകയോ അതു ചുമ ക്കുകയോ, ഖുർആൻ ഓതുകയോ ചെയ്യുന്നതും, പള്ളിയിൽ താമസിക്കു ന്നതും നിഷിദ്ധമാണ്. നമസ്കാരം നിഷിദ്ധമാണെന്നതിന്റെ തെളിവ് മുക ളിൽ കൊടുത്ത ആയത്തുകൾ തന്നെ. കഅബാ പ്രദക്ഷിണം നിഷിദ്ധമാ ണെന്നതിന്റെ തെളിവ് താഴെ ഉദ്ധരിക്കുന്ന ഹദീഥാണ്.

الطَّوَافُ صَلاَةٌ إِلَّا أَنَّ اللّٰهَ تَعَالَى أَحَلَّ فِيهِ الْكَلاَمَ فَمَنْ تَكَلَّمَ فَلاَ يَتَكَلَّمُ إِلَّا بِخَيْرٍ (الترمذي، الدارقطني)

(കഅബാ പ്രദക്ഷിണവും ഒരു നമസ്കാരമാകുന്നു. എന്നാൽ അല്ലാഹു അതിൽ സംസാരം അനുവദിച്ചിട്ടുണ്ട്. അതിനാൽ സംസാരിക്കുന്നവൻ നല്ലതുമാത്രം സംസാരിക്കട്ടെ.)

കുളി നിർബന്ധമുള്ളവർ മുസ്ഹഫ് തൊടുകയോ, ചുമക്കുകയോ ചെയ്യരുതെന്നതു സഹാബിമാരും മറ്റ് മുജ്തഹിദുകളും അഭിപ്രായാന്തര മില്ലാതെ പറഞ്ഞ കാര്യമാണ്. ഖുർആൻ പാരായണം നിഷിദ്ധമാണെ ന്നതിന് താഴെ ഹദീസാണ് തെളിവ്.
അലി(റ) പറഞ്ഞു:

إِنَّ رَسُولَ اللهِ ﷺ لا يَحْجُبُهُ عَنِ الْقُرْآنِ شَيْئٌ لَيْسَ الْجَنَابَةَ (أَصْحَابُ السُّنَنِ)

(നബി(സ)ക്കു ഖുർആൻ പാരായണത്തിന് ജനാബത്തല്ലാത്ത ഒന്നും തടസ്സമായിരുന്നില്ല.)

പള്ളിയിൽ താമസിക്കുന്നതു സംബന്ധിച്ച വിധി ഈ ഹദീഥിൽനിന്ന് ഗ്രഹിക്കാം:

وَجِّهُوا هَذِهِ الْبُيُوتَ عَنِ الْمَسْجِدِ فَإِنِّي لاَ أُحِلُّ الْمَسْجِدَ لِحَائِضٍ وَلاَ لِجُنُبٍ (أبوداود)

(നിങ്ങൾ വീടുകളുടെ മുഖം പള്ളിയിൽനിന്ന് മാറ്റുക. കാരണം ആർത്തവക്കാരിക്കും ജനാബത്തുകാരനും ഞാൻ പള്ളി അനുവദിക്കുകയില്ല).

## സുന്നത്തു കുളികൾ:

ഇത്രയും വിവരിച്ചത് നിർബന്ധ കുളികളുടെ കാര്യം. ഇനി സുന്നത്തായ ചില കുളികളുണ്ട്. അവ താഴെ:

1. ജുമുഅ: കാരണമായി. ജനങ്ങൾ സമ്മേളിക്കുന്നിടത്ത് ചെല്ലുന്നത് അവർക്ക് വിഷമം തോന്നാത്തതും, സന്തോഷം തോന്നുന്നതുമായ രീതിയി ലാവണം. അതാണ് വെള്ളിയാഴ്ച ജുമുഅയ്ക്ക് പോവുമ്പോൾ കുളി നിർ ദ്ദേശിച്ചതിനു കാരണം. നബി(സ) പറയുന്നു:

غَسْلُ الْجُمُعَةِ وَاجِبٌ عَلَى كُلِّ مُحْتَلِمٍ وَالسِّوَاكُ وَأَنْ يَمُسَّ مِنَ الطِّيبِ مَا يَقْدِرُ عَلَيْهِ (البخاري، مسلم)

(പ്രായപൂർത്തിയായ ഏതൊരാളും ജുമുഅയ്ക്കു വേണ്ടി കുളിക്കലും പല്ലുതേക്കലും സാധ്യമായ എന്തെങ്കിലും സുഗന്ധം ഉപയോഗിക്കലും നിർബന്ധമാകുന്നു.)

2. പെരുന്നാൾ കാരണം.

3. മയ്യിത്തിനെ കുളിപ്പിച്ചാൽ.

4. ഭ്രാന്തൻ ഭ്രാന്ത് മാറിയാൽ, അബോധാവസ്ഥയിലുള്ളവന് ബോധം തെളിഞ്ഞാൽ.

5. ഹജ്ജിൽ പ്രവേശിക്കുമ്പോൾ ഇഹ്റാമിന്റെ സമയത്ത്:

സൈദുബ്നു ഥാബിത് (റ) പറയുന്നു:

أَنَّهُ رَأَى رَسُولَ اللهِ ﷺ تَجَرَّدَ لِإِهْلاَلِهِ وَاغْتَسَلَ (الدَّارُقُطْنِي، الْبَيْهَقِي)

(റസൂൽ (സ) ഇഹ്റാമിനുവേണ്ടി സാധാരണവസ്ത്രം ഉപേക്ഷിക്കുക യും കുളിക്കുകയും ചെയ്തതായി താൻ കണ്ടു.)

6. ഇസ്‌ലാം സ്വീകരിക്കുമ്പോൾ. ഥുമാമ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) അദ്ദേഹത്തോട് കുളിച്ചുവരാൻ പറഞ്ഞതായി ഇമാം അഹ്മദ് (റ) ഉദ്ധരിച്ചിട്ടുണ്ട്.

ജുമുഅയും പെരുന്നാളും, അല്ലെങ്കിൽ ജനാബത്തും ജുമുഅയും ഇങ്ങ നെ നിർബന്ധമോ സുന്നത്തോ ആയി, കുളിക്ക് ഒന്നിലധികം കാരണങ്ങളു ണ്ടെങ്കിൽ എല്ലാം ഉദ്ദേശിച്ച് ഒറ്റ കുളി കുളിച്ചാൽ മതിയാവും.

## തയമ്മും (التيمم)

വെള്ളം കിട്ടാത്തതിനാലോ മറ്റോ കുളിയും വുദൂഉം സാധ്യമല്ലാത്ത സന്ദർഭങ്ങളുണ്ടാവാം. അത്തരം ഘട്ടങ്ങളിൽ കുളിക്കും വുദൂഇനും പകരം തയമ്മും ചെയ്താൽ മതിയാകും.

കരുതുക, ഉദ്ദേശിക്കുക എന്നൊക്കെയാണ് തയമ്മും എന്ന പദത്തിനർ ഥം. വുദൂഇനോ കുളിക്കോ പകരം ശുദ്ധിവരുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി മണ്ണിൽ കൈയടിച്ച് മുഖവും കൈകളും തടവുന്നതിനാണ് സാങ്കേതി കമായി തയമ്മും എന്ന് പറയുന്നത്. ഖുർആൻ പറയുന്നു:

وَإِنْ كُنْتُمْ مَرْضَى أَوْ عَلَى سَفَرٍ أَوْ جَاءَ أَحَدٌ مِنْكُمْ مِنَ الْغَائِطِ أَوْ لاَمَسْتُمُ النِّسَاءَ فَلَمْ تَجِدُوا مَاءً فَتَيَمَّمُوا صَعِيدًا طَيِّبًا فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُمْ إِنَّ اللَّهَ كَانَ عَفُوًّا غَفُورًا (النساء ٤٣)

(നിങ്ങൾ രോഗികളായാൽ, അല്ലെങ്കിൽ യാത്രയിലേർപ്പെട്ടാൽ അതു മല്ലെങ്കിൽ നിങ്ങളിലൊരാൾ വിസർജനം കഴിഞ്ഞ് വന്നാൽ, അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചാൽ, നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ നല്ല മണ്ണ് അന്വേഷിക്കുക. എന്നിട്ട് മുഖവും കൈകളും തടവുക. നിശ്ചയം അല്ലാഹു മാപ്പാക്കുന്നവനും പൊറുക്കുന്നവനുമത്രെ.)

നബി(സ) പറഞ്ഞതായി അബൂഉമാമ(റ) ഉദ്ധരിക്കുന്നു:

جُعِلَتِ الْأَرْضُ كُلُّهَا لِي وَلِأُمَّتِي مَسْجِدًا وَطَهُورًا وَأَيْنَمَا أَدْرَكَتْ رَجُلاً مِنْ أُمَّتِي الصَّلاَةُ فَعِنْدَهُ طَهُورُهُ (أحمد)

(എനിക്കും എന്റെ സമുദായത്തിനും ഭൂമി ആസകലം ശുദ്ധീകരണോ പകരണവും നമസ്കാര സ്ഥലവുമാക്കി തന്നിരിക്കുന്നു. അതിനാൽ എന്റെ സമുദായത്തിലെ ആർക്ക് എവിടെവെച്ച് നമസ്കാരം നിർബന്ധമായിത്തീ രുന്നുവോ അയാളുടെ അടുത്ത് ശുദ്ധീകരണ വസ്തുവും ഉണ്ട്.)

തയമ്മും മുഹമ്മദ് നബി(സ)യുടെയും അദ്ദേഹത്തിന്റെ സമൂഹത്തിന്റെ യും മാത്രം പ്രത്യേകതയാണ്. നബി(സ)ക്കും അനുയായികൾക്കും ഒരു യാത്രയിൽ വെള്ളം ലഭിക്കാതെ വന്നപ്പോളാണ് തയമ്മും സംബന്ധിച്ച ആയത്ത് അവതരിച്ചത്. താഴെ പറയുന്ന കാരണങ്ങളുണ്ടെങ്കിൽ നാട്ടിൽ താമസിക്കുന്നവർക്കും യാത്രക്കാർക്കും, കുളിക്കും വുദൂഇനും പകരം തയമ്മും ചെയ്യാവുന്നതാണ്.

1. വെള്ളം തീരെ കിട്ടാതിരിക്കുകയോ കിട്ടിയ വെള്ളം ശുദ്ധീകരണത്തിന് തികയാതെ വരികയോ ചെയ്യുക. നബി(സ) പറഞ്ഞതായി അബൂദർറ് (റ) ഉദ്ധരിക്കുന്നു.

إِنَّ الصَّعِيدَ طَهُورٌ لِمَنْ لَمْ يَجِدْ الْمَاءَ عَشْرَ سِنِينَ (أَصْحَابُ السُّنَنِ)

(പത്ത് കൊല്ലക്കാലം ഒരാൾക്ക് വെള്ളം ലഭിച്ചില്ലെങ്കിലും മണ്ണ് ശുദ്ധീ കരണ വസ്തുവാകുന്നു.)

2. രോഗം ബാധിക്കുകയോ മുറിവ് പറ്റുകയോ ചെയ്യുകയും സ്വന്തം അനുഭവത്തിലൂടെയോ വിശ്വസ്തനായ ഒരു വൈദ്യൻ പറഞ്ഞതിനാലോ വെള്ളം ഉപയോഗിക്കുന്നത് രോഗശമനത്തിന് തടസ്സമാവുമെന്നോ ശമനം വൈകാൻ കാരണമാവുമെന്നോ ഭയപ്പെടുകയും ചെയ്യുക. ജാബിർ (റ) പറയുന്നു. ''ഞങ്ങൾ ഒരു യാത്രയിലായിരുന്നു. ഞങ്ങളിൽ ഒരാൾക്ക് തലയ്ക്ക് മുറിവ്

ഷിച്ചു. വെള്ളം ലഭിക്കുമെന്നിരിക്കെ താങ്കൾക്ക് അക്കാര്യത്തിൽ ഇളവ് ലഭിക്കുകയില്ല, അവർ മറുപടി നൽകി. അയാൾ കുളിച്ചു. കുളി അയാളുടെ മരണത്തിന് കാരണമായി. വിവരം അറിഞ്ഞപ്പോൾ നബി(സ) പറഞ്ഞു:

**قَتَلُوهُ قَتَلَهُمُ اللهُ. أَلاَ سَأَلُوا إِذَا لَمْ يَعْلَمُوا. فَإِنَّمَا شِفَاءُ الْعِيِّ السُّؤَالُ، إِنَّمَا كَانَ يَكْفِيهِ أَنْ يَتَيَمَّمَ وَيُعْصِرَ أَوْ يُعَصِّبَ عَلَى جُرْحِهِ خِرْقَةً ثُمَّ يَمْسَحَ عَلَيْهِ وَيَغْسِلَ سَائِرَ جَسَدِهِ (أبو داود، ابن ماجه)**

(അവർ അദ്ദേഹത്തെ കൊന്നു. അല്ലാഹു അവരെയും കൊല്ലട്ടെ! അറി യില്ലെങ്കിൽ അവർക്ക് ചോദിക്കാമായിരുന്നില്ലേ? അറിവില്ലായ്മയുടെ പരി ഹാരം അന്വേഷണമാണ്. അയാൾക്ക് തയമ്മും ചെയ്താൽ മതിയാകുമായി രുന്നു. അഥവാ ഒരു കഷ്ണം ശീലകൊണ്ട് മുറിവ് കെട്ടുകയും അതിന്മേൽ തടവി ശരീരത്തിന്റെ ബാക്കിഭാഗം കഴുകുകയും ചെയ്താലും മതിയാകുമാ യിരുന്നു.)

3. കഠിന ശൈത്യമുള്ളപ്പോൾ വെള്ളം ചൂടാക്കാൻ മാർഗമില്ലാതെ വരി കയും തണുത്തവെള്ളം ഉപയോഗിക്കുന്നതു ഹാനികരമാകുമെന്ന് ഭയക്കു കയും ചെയ്യുക. അംറുബ്നുൽ ആസ്(റ) പറയുന്നു: 'ദാതുസ്സലാസിൽ യുദ്ധ വേളയിൽ ഒരു തണുത്ത രാത്രി എനിക്ക് സ്വപ്നസ്ഖലനമുണ്ടായി. കുളി ച്ചാൽ മരിച്ചുപോവുമെന്ന് എനിക്കു തോന്നി. രാവിലെ ഞാൻ കൂട്ടുകാർക്ക് നേതൃത്വം നൽകി നമസ്കരിച്ചു. മദീനയിലെത്തിയപ്പോൾ അവർ നബി (സ)യെ വിവരം ധരിപ്പിച്ചു; നബി(സ) ചോദിച്ചു:

'അംറ്, താങ്കൾ ജനാബത്തുകാരനായിരിക്കെ താങ്കളുടെ കൂട്ടുകാർക്ക് നമസ്കാരത്തിന് നേതൃത്വം നൽകി, അല്ലേ? ഞാൻ പറഞ്ഞു: 'നിങ്ങൾ സ്വയം കൊന്നുകളയരുത്, നിശ്ചയം അല്ലാഹു നിങ്ങളോട് കാരുണ്യമുള്ളവ നാകുന്നു' എന്നുള്ള അല്ലാഹുവിന്റെ പ്രഖ്യാപനം ഞാൻ ഓർത്തു. അങ്ങ നെ ഞാൻ തയമ്മും ചെയ്തു നമസ്കരിച്ചു. അപ്പോൾ നബി(സ) ഒന്നു ചിരിക്കുക മാത്രം ചെയ്തു. ഒന്നും പറഞ്ഞില്ല.

4. ഒരു സ്ഥലത്ത് വെള്ളം ലഭ്യമാണെന്നറിയുമെങ്കിലും അതിനായി പോയാൽ ജീവനോ അഭിമാനത്തിനോ ധനത്തിനോ നഷ്ടം സംഭവിക്കു മെന്ന് ഭയക്കുകയോ കൂട്ടുകാർ പെയ്പ്പോകുമെന്ന് ആശങ്കിക്കുകയോ വെള്ള മെടുക്കാൻ പറ്റാത്തവിധം ശത്രു തടസ്സം സൃഷ്ടിക്കുകയോ ചെയ്യുക.

5. തനിക്കോ കൂടെയുള്ളവർക്കോ – മൃഗത്തിനുപോലും – വെള്ളം കുടി ക്കാൻ ആവശ്യമായി വരുമെന്നും കയ്യിലുള്ളത് ശുദ്ധീകരണത്തിന് ഉപയോ ഗിച്ചാൽ പിന്നെ കുടിക്കാൻ വെള്ളം ലഭിക്കാൻ പ്രയാസം നേരിടുമെന്നും ഭയപ്പെടുക.

6. ശറഇയായ കാരണങ്ങളാൽ നമസ്കരിക്കാൻ താമസിക്കുകയും വൈകിയ സമയത്ത് വെള്ളം ഉപയോഗിക്കാമെന്ന് വെച്ചാൽ നമസ്കാര സമയം കഴിഞ്ഞുപോകുമെന്ന് ഭയപ്പെടുകയും ചെയ്താലും ഉടനെ തയമ്മും ചെയ്ത് നമസ്കരിക്കേണ്ടതാണ്.

വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ അടുത്തെവിടെയെങ്കിലും വെള്ളം കിട്ടാനുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്.

വുദൂവിനും കുളിക്കും പകരം തയമ്മും ചെയ്താൽ അത് രണ്ടുകൊ ണ്ടും എന്തെല്ലാം അനുവദനീയമാണോ അതെല്ലാം (നമസ്കാരം, ത്വവാഫ് മുതലായവ) തയമ്മും കൊണ്ടും അനുവദനീയമാണ്. വുദൂഇന് ഭംഗം വരുത്തുന്ന ഏതു കാര്യം സംഭവിച്ചാലും തയമ്മും നഷ്ടപ്പെടും.

വെള്ളമില്ലാത്തതുകൊണ്ടാണ് തയമ്മും ചെയ്തതെങ്കിൽ വെള്ളം ലഭിക്കുന്നതോടുകൂടിയും, വെള്ളം ഉപയോഗിക്കാൻ പറ്റാത്തത് കാര ണമായാണെങ്കിൽ ആ കാരണം നീങ്ങുന്നതോടുകൂടിയും തയമ്മും നഷ്ട പ്പെടും. മണ്ണുപോലെ തന്നെ മണൽ, പാറ, സസ്യങ്ങൾ, മരങ്ങൾ തുടങ്ങിയ വയും صـــعيـــد എന്നതിന്റെ ആശയത്തിലുൾപ്പെടും. അതിനാൽ മണ്ണ് കിട്ടാത്ത സാഹചര്യത്തിൽ സാധ്യമായ എന്തിന്മേലെങ്കിലും – കല്ലോ മരമോ ചുമരോ എന്തുമാവാം – അടിച്ച് തയമ്മും ചെയ്യണ്ടതാണ്.

## തയമ്മുമിന്റെ നിർബന്ധ ഘടകങ്ങൾ (وَاجِبَاتُ التَّيَمُّمِ)

1. നിയ്യത്ത്: നമസ്കാരം തുടങ്ങി ശുദ്ധി ആവശ്യമുള്ള കാര്യം അനുവദ നീയമാവാൻ തയമ്മും ചെയ്യുന്നു എന്നു കരുതുന്നതാണ് നിയ്യത്ത്.
2. കൈപ്പത്തികൾ മണ്ണിൽ അടിച്ച് മുഖം തടവുക.
3. വീണ്ടും കൈ മണ്ണിൽ അടിച്ച് കൈ രണ്ടും മുട്ടുൾപ്പെടെ തടവുക.
4. ക്രമം പാലിക്കുക.

## സുന്നത്തുകൾ (سُنَنُ التَّيَمُّمِ)

1. ബിസ്മി ചൊല്ലുക
2. മുഖം തടവുമ്പോൾ മുകൾ ഭാഗത്തുനിന്നു തുടങ്ങുക.
3. കൈ തടവുമ്പോൾ വലതു കൈ ആദ്യം തടവുക.
4. മണ്ണിൽ കൈ അടിക്കുമ്പോൾ വിരലുകൾ പരസ്പരം അകറ്റി നിർ ത്തുക.

## കെട്ടും തഴിയും തടവൽ

കഴുകേണ്ട അവയവങ്ങളിൽ മുറിവ്, പരു തുടങ്ങിയവ ഉണ്ടായാൽ ബാൻഡേജ് ചെയ്യാറുണ്ടല്ലോ. വെള്ളം തട്ടിയാൽ രോഗം വർധിക്കുമെന്നോ, സുഖപ്പെടാൻ വൈകുമെന്നോ ഭയന്നാൽ അത്തരം ഭാഗങ്ങൾ വുദൂഅ് എടുക്കുമ്പോളും കുളിക്കുമ്പോളും വെള്ളം കൊണ്ടു തടവുകയും ബാക്കി ഭാഗം കഴുകുകയുമാണ് ചെയ്യേണ്ടത്. ബാൻഡേജുള്ളപ്പോൾ അതിന്മേൽ തടവിയാൽ മതി. ജാബിർ (റ)ൽനിന്ന് ഉദ്ധരിച്ച ഹദീഥിൽ 'അയാൾക്ക് തയമ്മും ചെയ്യുകയോ മുറിവിൽ കെട്ടി അതിൽ തടവുകയും ശരീരത്തിന്റെ ബാക്കി ഭാഗം കഴുകുകയും ചെയ്യുകയോ ചെയ്താൽ മതിയാകുമായിരു ന്നു.' എന്ന് റസൂൽ(സ) പറഞ്ഞതാണ് തെളിവ്.

## ആർത്തവം (الْحَيْضُ)

പ്രായപൂർത്തിയായ സ്ത്രീകളുടെ ഗർഭാശയത്തിൽനിന്ന് രക്തം സ്രവിക്കു ന്നതിനാണ് 'ഹൈദ്' (ആർത്തവം) എന്ന് പറയുന്നത്. ഇത് മാസംതോറും ആവർത്തിക്കും. സ്രവിക്കുക, ഒഴുകുക എന്നൊക്കെയാണ് 'ഹൈദ്'എന്ന പദത്തിനർഥം. സാധാരണയായി 12–13

വയസ്സിനുശേഷമാണ് ആർത്തവം ആരംഭിക്കുക. ഏറ്റവും കുറഞ്ഞത് ഒമ്പത് വയസ്സ് പ്രായമാവണം. അതിനു മുമ്പ് ഒരു പെൺകുട്ടിക്ക് രക്തം സ്രവിച്ചുകണ്ടാൽ അത് ആർത്തവമായല്ല, രോഗമായേ പരിഗണിക്കുകയുള്ളു. എന്നാൽ പ്രായം കൂടിയ വൃദ്ധയ്ക്കാണ് ഇങ്ങനെ രക്തം കണ്ടതെങ്കിൽ അത് ആർത്തവമായി പരിഗണിക്കും. സാധാ രണ ഗതിയിൽ മധ്യപ്രായം കഴിയുന്നതോടെ ആർത്തവം നിലയ്ക്കും.

## കാലം

ഒരു ആർത്തവഘട്ടം തുടങ്ങി അവസാനിക്കാവുന്ന ഏറ്റവും കുറഞ്ഞ കാലം ഒരു ദിവസമാണ്. സാധാരണയായി നാലു മുതൽ ഏഴു ദിവസംവരെ നീണ്ടുനിൽക്കും. കൂടിയാൽ പതിനഞ്ച് ദിവസവും.

രണ്ട് ആർത്തവത്തിനിടയ്ക്കുള്ള കുറഞ്ഞ ശുദ്ധികാലം പതിനഞ്ച് ദിവസമാണ്. കൂടിയാൽ എത്രയുമാവാം.

ഒരു ദിവസത്തിലും കുറവാണ് രക്തം സ്രവിച്ചതെങ്കിൽ അത് ആർത്തവ മായി പരിഗണിക്കുകയില്ല. പതിനഞ്ച് ദിവസത്തിലധികം നീണ്ടുനിന്നാൽ അതും ആർത്തവമായല്ല, രക്തസ്രാവ രോഗമാ(**استحاضة**)യാണ് പരിഗണി ക്കുക.

ജനാബത്ത് കാരണമായി നിഷിദ്ധമാകുന്ന കാര്യങ്ങൾക്കു പുറമെ ആർ ത്തവകാലത്ത് നോമ്പും നിഷിദ്ധമാണ്. ആർത്തവകാലത്തെ നമസ്കാരം പിന്നീട് അനുഷ്ഠിക്കേണ്ടതില്ല, നോമ്പ് നോറ്റുവീട്ടണം എന്ന വ്യത്യാസ മുണ്ട്. ഈ ഘട്ടത്തിൽ സംഭോഗവും വിവാഹമോചനവും നിഷിദ്ധമാണ്.

## പ്രസവരക്തം (النِّفَاسُ)

പ്രസവം കാരണമായി സ്ത്രീകളിൽനിന്ന് സ്രവിക്കുന്ന രക്തമാണത്. അതിന്റെ കുറഞ്ഞ സമയം ഇത്ര എന്ന് കണക്കാക്കാൻ സാധ്യമല്ല പ്രസവം കഴിഞ്ഞ ഉടനെ തന്നെ രക്തം നിലയ്ക്കാം. രക്തം സ്രവിക്കാതെയും പ്രസവം നടന്നെന്നു വരാം. അങ്ങനെയെങ്കിൽ ശുദ്ധിയുള്ള ഒരാൾക്ക് എന്തൊക്കെ അനുവദനീയമാണോ അതെല്ലാം അവൾക്കും അനുവദനീയമാണ്. നമസ്കാരം, നോമ്പ് തുടങ്ങിയവയെല്ലാം നിർബന്ധവും. സാധാരണയായി നാല്പതു ദിവസംവരെ പ്രസവരക്തം നീണ്ടുനിൽക്കാം. ഉമ്മുസലമ(റ) പറയുന്നു.

**كَانَتْ النُّفَسَاءُ تَجْلِسُ عَلَى عَهْدِ رَسُولِ اللَّهِ ﷺ أَرْبَعِينَ يَوْمًا (رواه الخمسة إلاّ النسائي )**

(പ്രസവിച്ച സ്ത്രീകൾ നബി(സ)യുടെ കാലത്ത് നാല്പതു ദിവസം വരെ കാത്തിരിക്കുമായിരുന്നു.)

പ്രസവരക്തം നിലയ്ക്കുംവരെ നമസ്കാരം, നോമ്പ് തുടങ്ങി ഋതുമതി കൾക്ക് നിഷിദ്ധമായതെന്തെല്ലാമാണോ അതെല്ലാം അവൾക്കും നിഷിദ്ധ മാണ്.

## രക്തസ്രാവം (الْإِسْتِحَاضَةُ)

സ്ത്രീകൾക്ക് ആർത്തവത്തിനു പുറമെ അസമയത്തുണ്ടാവുന്നതാണ് രക്തസ്രാവം. രക്തസ്രാവത്തിന് മൂന്ന് അവസ്ഥയുണ്ടാകാം.

ഒന്ന്: ക്രമാനുസൃതം ആർത്തവമുണ്ടായി മാസം തോറുമുള്ള അതിന്റെ കാലം നിർണിതമായി പരിചയിച്ചതിൽ പിന്നെ ഉണ്ടാവുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ആ നിർണിത ദിവസങ്ങൾ ആർത്തവകാലമായും ശേഷി ച്ചത് രക്തസ്രാവത്തിന്റെ കാലമായും കണക്കാക്കണം. ഉമ്മുസലമ(റ)യിൽ നിന്നുദ്ധരിക്കുന്ന ഹദീഥിൽ ഇപ്രകാരം പറയുന്നു:

**اِنَّهَا اِسْتَفْتَتِ النَّبِيَّ ﷺ فِي اِمْرَأَةٍ تَهْرَاقُ دَمُهَا فَقَالَ: لِتَنْظُرْ قَدْرَ اللَّيَالِي وَالْأَيَّامِ الَّتِي كَانَتْ تَحِيضُهُنَّ وَقَدْرَهُنَّ مِنَ الشَّهْرِ فَتَدَعُ الصَّلاَةَ ثُمَّ لِتَغْتَسِلْ وَلْتَسْتَثْفِرْ ثُمَّ تُصَلِّي (مالك والشافعي)**

(രക്തസ്രാവമുള്ള ഒരു സ്ത്രീയുടെ കാര്യത്തിൽ ഉമ്മുസലമ:(റ) നബി (സ)യോട് വിധി തേടി. നബി(സ) പറഞ്ഞു. മാസത്തിൽ ആർത്തവമുണ്ടാ വുന്ന രാപകലുകൾ കണക്കാക്കി അത്രയും ദിവസം അവൾ നമസ്കാരം ഉപേക്ഷിക്കണം. ആ നാളുകൾ കഴിഞ്ഞാൽ കുളിച്ച് പരുത്തിയോ തുണി ക്കഷ്ണമോ കൊണ്ട് കെട്ടി രക്തം തടഞ്ഞ് അവൾ നമസ്കരിക്കണം.)

രണ്ട്: നേരത്തേ ആർത്തവമുണ്ടായി നാളുകൾ തിട്ടപ്പെടുത്താനായി ട്ടില്ല, പക്ഷേ, ആർത്തവരക്തം തിരിച്ചറിയാം. എങ്കിൽ ഈ തിരിച്ചറിവിനെ അവലംബിക്കണം. അങ്ങനെ തിരിച്ചറിയുന്ന രക്തം സ്രവിക്കുന്ന നാളുകൾ ആർത്തവകാലമായി ഗണിച്ച് ആ ദിവസങ്ങളിൽ നമസ്കാരവും അതു പോലുള്ള കാര്യങ്ങളും ഉപേക്ഷിക്കണം. ബാക്കി ദിവസങ്ങളിൽ അവ അനു ഷ്ഠിക്കുകയും വേണം. ഫാത്വിമാബിൻതു അബീഹുബൈശി(റ)നെക്കുറി ച്ചുള്ള ഹദീഥിൽ പറയുന്നു:

**اِنَّهَا كَانَتْ تَسْتَحَاضُ فَقَالَ لَهَا النَّبِيُّ ﷺ إِذَا كَانَ دَمُ الْحَيْضِ فَإِنَّهُ أَسْوَدُ يُعْرَفُ فَإِذَا كَانَ كَذَلِكَ فَامْسِكِي عَنِ الصَّلاَةِ فَإِذَا كَانَ الْآخَرُ فَتَوَضَّئِي وَصَلِّي فَإِنَّمَا هُوَ عِرْقٌ (أبوداود، النسائي، ابن حبان)**

(അവർക്ക് രക്തസ്രാവമുണ്ടാവാറുണ്ടായിരുന്നു. അതുകാരണമായി നബി(സ) അവരോട് പറഞ്ഞു: ആർത്തവരക്തമെങ്കിൽ അതു തിരിച്ചറിയാൻ പാകത്തിൽ ഇരുണ്ടതായിരിക്കും. അത് അങ്ങനെയെങ്കിൽ നീ നമസ്കാരം ഉപേക്ഷിക്കുക. മറ്റുവിധമാണെങ്കിൽ വുദൂഅ് ഉണ്ടാക്കി നമസ്കരിച്ചുകൊ ള്ളുക. കാരണം അതു ഒരു ധമനീരോഗമാണ്.)

മൂന്ന്, രക്തം നിലയ്ക്കാതെ പ്രവഹിച്ചുകൊണ്ടിരിക്കുക. ആർത്തവ ഘട്ടം തിരിച്ചറിഞ്ഞ അനുഭവവുമില്ല. പതിവു മറന്നതുകൊണ്ടോ പ്രായ പൂർത്തി വന്നപ്പോൾ തന്നെ രക്തസ്രാവം തുടങ്ങിയതുകൊണ്ടോ ആവാം അങ്ങനെ സംഭവിച്ചത്. ഈ അവസ്ഥയിൽ സാധാരണ രീതിയനുസരിച്ച് ആറോ ഏഴോ ദിവസം ആർത്തവഘട്ടമായി പരിഗണിക്കണം. ഹംന ബിൻതു ജഹ്ശ്(റ) ന്റെ ഹദീഥ് കാണുക:

'എനിക്ക് ശക്തിയായി രക്തസ്രാവമുണ്ടാവുമായിരുന്നു. അങ്ങനെ ഞാൻ റസൂലി(സ)നെ സമീപിച്ചു. പ്രശ്നത്തിന്റെ നിയമവശം തേടാനും വിവരം ധരിപ്പിക്കാനുമാണ് ഞാൻ ചെന്നത്. അദ്ദേഹം അപ്പോൾ എന്റെ സഹോദരി സൈനബ് ബിൻത് ജഹ്ശി(റ)ന്റെ വീട്ടിലായിരുന്നു.

ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ശക്തിയായി രക്ത സ്രാവമുണ്ടാവാറുണ്ട്. അതു സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അത് എന്റെ നമസ്കാരത്തിനും നോമ്പിനും തടസമായിരിക്കുന്നു. നബി (സ) പറഞ്ഞു: 'ഞാൻ നിനക്ക്

പഞ്ഞിവെക്കാൻ നിർദ്ദേശം നൽകാം. അത് രക്തത്തെ ശമിപ്പിക്കും. അവർ പറഞ്ഞു: അത് അതിനെക്കാളെല്ലാം ശക്ത മാണ്. നബി(സ) പറഞ്ഞു: എങ്കിൽ ഒരു ശീലകൊണ്ട് വലിച്ചുകെട്ടുക. അവർ പറഞ്ഞു: രക്തം അതിശക്തിയിൽ പ്രവഹിക്കുകയാണ്.

അപ്പോൾ നബി(സ) പറഞ്ഞു: ''എങ്കിൽ ഞാൻ രണ്ട് കാര്യം നിർദ്ദേശി ക്കാം. അവ രണ്ടിൽ ഏതു ചെയ്താലും മതിയാവും. അവയിൽ ഏതാണ് നിനക്ക് സാധ്യമാവുക എന്നത് നിനക്കാണ് അറിയുക. ഇതൊരു ദുർനീരാ ണ്. അതിനാൽ നീ ആറോ ഏഴോ ദിവസം ആർത്തവമായി കണക്കാക്കുക. കൃത്യകണക്ക് അല്ലാഹുവിനറിയാം. പിന്നെ കുളിക്കുക. ശുദ്ധിയായിട്ടു ണ്ടെന്ന് നിനക്ക് ബോധ്യമുണ്ടെങ്കിലാണത്. പിന്നെ ഇരുപത്തിനാലോ ഇരു പത്തിമൂന്നോ ദിവസം രാപകലുകളിൽ നമസ്കരിക്കുക. നോമ്പുമനുഷ്ഠി ക്കുക. നിനക്ക് അതു മതിയാവും. എല്ലാ മാസവും സാധാരണയായി സ്ത്രീ കൾ ആർത്തവവും ശുദ്ധിയും ആചരിക്കുംപോലെ നീ ചെയ്തുകൊള്ളുക.

ഇനി ളുഹ്ർ നമസ്കാരം അല്പം വൈകിച്ചും അസ്വർ അല്പം നേര ത്തേയുമായി കുളിച്ച് രണ്ടും കൂടി ഒന്നിച്ച്, അതേപോലെ മഗ്രിബ് അല്പം വൈകിച്ചും ഇശാഅ് അല്പം നേരത്തേയുമായി കുളിച്ച് രണ്ടും കൂടി ഒന്നിച്ച് നമസ്കരിക്കാനാവുമെങ്കിൽ, പ്രഭാതത്തോടെ കുളിച്ച് നമസ്കരിക്കാനാവു മെങ്കിൽ അങ്ങനെ ചെയ്യുക. സാധ്യമെങ്കിൽ ഇപ്രകാരം നമസ്കരിക്കുക. നോമ്പും അനുഷ്ഠിക്കുക. നബി(സ) പറഞ്ഞു: രണ്ട് രീതികളിൽ എനിക്ക് ഏറെ ഇഷ്ടം ഇപ്പറഞ്ഞതാണ്.''

രക്തസ്രാവമുള്ള സ്ത്രീകളെ ബാധിക്കുന്ന നിയമങ്ങൾ ഇപ്രകാരമാണ്.

1. ആർത്തവം അവസാനിക്കുമ്പോൾ ബാധകമാവുന്ന കുളി അവൾക്ക് നിർബന്ധമാണ്. പിന്നെ ഓരോ നമസ്കാരത്തിനും കുളി നിർബന്ധമില്ല.
2. എല്ലാ നമസ്കാരത്തിനും വുദുഅ് ഉണ്ടാക്കൽ നിർബന്ധമാണ്.
3. വുദുഅ് ഉണ്ടാക്കും മുമ്പ് ജനനേന്ദ്രിയം കഴുകി രക്തം തടയാൻ പഞ്ഞിയോ ശീലക്കഷ്ണമോ വെക്കണം. അതുകൊണ്ട്മാത്രം രക്തം നില യ്ക്കുകയില്ലെങ്കിൽ അതിനും പുറമെ നന്നായി താറുടുക്കണം.
4. നമസ്കാര സമയത്താവണം –അതിന് മുമ്പാവരുത്– വുദൂഅ് ഉണ്ടാ ക്കുന്നത്.
5. ആർത്തവത്തിന്റേതല്ലാത്ത ഘട്ടങ്ങളിൽ ഭർത്താവുമായി ലൈംഗിക ബന്ധം അനുവദനീയമാണ്.